# സാന്ത്വനം

ഒരു സ്വതന്ത്ര ആത്മീക പത്രിക

പുസ്തകം 2 | ലക്കം 1 | 2013 ജനുവരി - ഫെബ്രുവരി | പേജ് 8 | KERMAL/2011/40311 | ഒറ്റപ്രതി : ₹ 10


## തിരുവട്ടാർ അനുമോദന സമ്മേളനവും പുസ്തക പ്രകാശനവും



*സഹോദരൻ പോൾ തയ്യലിൽ (യു.എസ്സ്.എ) നിന്നും സഹോദരൻ കെ.ആർ.ജോസ് തൃശൂർ ഏറ്റുവാങ്ങി പുസ്തക പ്രകാശനം നിർവ്വഹിക്കുന്നു.*

**പെരുമ്പാവൂർ :** പ്രേഷിത രംഗത്ത് അരനൂറ്റാണ്ട് പിന്നിടുകയും ക്രൈസ്തവ സമൂഹത്തിന് അനവധി സംഭാവനകൾ നല്കുകയും ചെയ്ത സുവിശേഷകൻ തിരുവട്ടാർ കൃഷ്ണൻകുട്ടിയെ അനുമോദിക്കുവാനും തിരുവട്ടാർ എന്ന പേരിൽ ബ്രദറൺ എക്കൊ അങ്കമാലി പ്രസിദ്ധീകരിച്ച പുസ്തകം പ്രകാശനം ചെയ്യുന്നതിനുമായി ഒരു കൂടിവരവ് 2012 നവംബർ 25 ഞായറാഴ്ച വൈകിട്ട് 5 മണിക്ക് പുല്ലുവഴി സാംസൺ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. കേരളത്തിന്റെ വിവധ ഭാഗങ്ങളിൽ നിന്നായി അനേകർ കടന്നുവന്നു. സഹോദരൻ ജോർജ്ജ് പീറ്റർ അദ്ധ്യക്ഷനായിരുന്നു. സഹോദരൻ പി.ഇ. സാംകുട്ടി കുമ്പനാട് സമ്മേളനം ഉദ്ഘാടനം ചെയ്തു. സഹോദരൻ ജെ.സി. ദേവ് മുഖ്യ പ്രഭാഷണം നടത്തി. സഹോദരൻമാരായ ജോയ് ജോൺ ബാംഗ്ലൂർ, സണ്ണിതോമസ് തിരുവനന്തപുരം എന്നവർ അനുബന്ധപ്രഭാഷണം നടത്തി പുസ്തകരചനയെകുറിച്ച് ചീഫ് എഡിറ്റർ ലിജോ വർഗീസ് പാലമറ്റം സംസാരിച്ചു. പുസ്തക പ്രകാശനം സഹോദരൻ പോൾ തയ്യലിൽ (യു.എസ്സ്.എ) നിന്നും സഹോദരൻ കെ.ആർ.ജോസ് തൃശൂർ ഏറ്റുവാങ്ങി. പുസ്തകത്തെക്കുറിച്ചുള്ള നിരൂപണം സഹോദരൻ എം.വി. ബാബു കല്ലിശ്ശേരി നടത്തി. കൂടാതെ അനേക ദൈവദാസന്മാർ അനുമോദന പ്രസംഗങ്ങളും ആശംസകളും അറിയിച്ചു. സഹോദരൻ ജോർജ്ജ് കോശി മൈലപ്രകാര്യപരിപാടികൾ നിയന്ത്രിച്ചു.

എ.ഡി. ചെറിയാൻ സ്വാഗതവും എ.ഡി ജയിംസ് കൃതഞ്ജ്ജതയും പറഞ്ഞു. പ്രശ്സ്ത ഗായകരായ കൂട്ടിയച്ചൻ, മാത്യു ജോൺ, ജെ.പി രാജൻ, ശ്രുതി ജോയി എന്നിവർ ഗാനങ്ങളാലപിച്ചു.

***തിരുവട്ടാർ രണ്ടാം വാല്യം ഉടൻ പ്രസിദ്ധീകരിക്കുന്നതായി സംഘാടകർ അറിയിച്ചു.***

## സഭാഹാൾ സ്തോത്ര ശുശ്രൂഷ

**ഡമൻ:** കേന്ദ്ര ഭരണപ്രദേശമായ ഡമണിൽ ബ്രദറൺ സഭാപ്രവർത്തനം ആരംഭിച്ചിട്ട് ഏഴ് വർഷമായി 2012 ന് ഒരു സഭഹാളിനുവേണ്ടി ആഗ്രഹിച്ച് പണികൾ ആരംഭിച്ചു 6 സെന്റ് സ്ഥലത്ത് സൗകര്യപ്രദമായ ഒരു ഹാളും സുവിശേഷകന് താമസിക്കാൻ ഒരു വീടും പണിയുവാൻ ദൈവം സഹായിച്ചു. ഏഴ് മാസം കൊണ്ട് ഹാളിന്റെ പണി ഏകദേശം പൂർത്തീകരിപ്പാൻ ദൈവം സഹായിച്ചു. 2012 നവംബർ 15 ന് സഭാഹാളിന്റെ സ്തോത്ര ശുശ്രൂഷ അനുഗ്രഹമായി നടന്നു. സഹോദരൻ സാബു എബ്രഹാം ഡൽഹി അദ്ധ്യക്ഷനായിരുന്നു. റ്റി.വി ആന്റണി അങ്കലേശ്വർ സമർപ്പണ പ്രാർത്ഥന നടത്തി. സുവിശേഷകൻ അജോയ് റ്റി. മാത്യു മുംബൈ മുഖ്യസന്ദേശം നൽകി. സഹോദരന്മാരായ ഡേവിഡ് പിഐസക്ക്, സേവ്യർ ആന്റണി, റോയി മീമ്പാറ, ഇട്ടി വർഗ്ഗീസ്, റ്റി.വി ആന്റണി, ഹെന്ററി, പി.റ്റി തങ്കച്ചൻ എന്നിവരെ കൂടാതെ മറ്റു ചില ദൈവദാസന്മാരും വിവധ ശുശ്രുഷകൾ നിർവ്വഹിച്ചു.



*അജോയ് റ്റി. മാത്യു മുംബൈ മുഖ്യസന്ദേശം നൽകുന്നു.*

## SBS -ക്യാമ്പ് സെന്റർ

### രണ്ടാംഘട്ട സമർപ്പണശുശ്രൂഷ

**പുത്തൻകാവ്:** സുവിശേഷകൻ ബാലസംഘം ക്യാമ്പ് സെന്ററിന്റെ രണ്ടാംഘട്ട പണി അനുഗ്രഹമായി നടന്നു. 2012 ഡിസംബർ 8 ശനിയാഴ്ച രാവിലെ 9 മുതൽ 1 വരെ സമർപ്പണം ശുശ്രൂഷ നടന്നു. സഹോദരൻ മത്തായി ചാക്കോ(സൗദി അറേബ്യ) ഉത്ഘാടനം നടത്തി. സഹോദരൻ ജോസഫ് രാജു(യു.എസ്സ്.എ) മുഖ്യ സന്ദേശം നല്കി. സഹോ പി.പി. സഖറിയ(കോഴിക്കോട്) അദ്ധ്യക്ഷ പ്രസംഗം നടത്തി. സഹോദരന്മാരായ ഡോ. ഒ.എം. സാമുവേൽ എം.എം. സഖറിയ, ചാണ്ടപ്പിള്ള ഫിലിപ്പ്, വറുഗീസ് കുരിയൻ, പ്രൊഫ. മാത്യൂസ് എബ്രാഹം, ജോർജ് പീറ്റർ വി.എം. പോൾ, ആൽബർട്ട് സുനിൽ എന്നിവർ പ്രസംഗിച്ചു.

## മാസ്റ്റേഴ്സ് ടീച്ചേഴ്സ് ട്രൈയിനിംഗ്

**പുത്തൻകാവ്:** SBS ന്റെ ആഭിമുഖ്യത്തിൽ 2012 നവംബർ 15 ന് ആരംഭിച്ച മാസ്റ്റേഴ്സ് ടീച്ചേഴ്സ് ട്രൈയിനിംഗ് 2012 ഡിസംബർ 7 വെള്ളിയാഴ്ച വൈകിട്ട് 8 മണിക്ക് അവസാനിച്ചു. എബ്രാഹം തോമസ് കൊച്ചി അദ്ധ്യക്ഷനായിരുന്നു. All India masters Teachers Training റിപ്പോർട്ട്സാംസൺ പി ജാർഘട്ട്, റെജി കെ. തോമസ് നെല്ലിയാടി എന്നിവർ അവതരിപ്പിച്ചു. സഹോദരൻ പി. ജോസഫ് രാജു (യു.എസ്സ്.എ) സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. സുവിശേഷകൻ ജോസ് ഡാലി -ഗുജറാത്ത് സമർപ്പണപ്രാർത്ഥന നടത്തി. ജോയിജോൺ ബാഗ്ലൂർ, മിസിസ്സ് പി.എൻ ട്രഷർ തൃശൂർ എന്നിവരെ കൂടാതെ സഹോദരന്മാരായ സന്തോഷ് തോമസ്, സണ്ണിഫിലിപ്പ്, എബി സാം, സാംസൺ എബ്രഹാം, തോമസ് വറുഗീസ്, സാമുവേൽ എബ്രഹാം, സാമുവേൽ ബി തോമസ്, ജോൺസൺ ബേബി, ജോൺ എബ്രഹാം, ഒ.റ്റി ചെറിയാൻ എന്നിവർ വിവിധ ശുശ്രൂഷയിൽ നേതൃത്വം നൽകി.

## ദൈവത്തിന്റെ പദ്ധതി ആർക്കും തടയാനാവില്ല : കെ. ഫിലിപ്പ്കുട്ടി



*മെഗാ കൺവെൻഷനിൽ ഫിലിപ്പുകുട്ടി ദൈവവചനം ശുശ്രൂഷിക്കുന്നു*

**ഗുജറാത്ത്:** യേശു ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് ആർക്കും തടയാനാവില്ല ദൈവത്തിന്റെ പദ്ധതികളിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് കർത്താവിന്റെ രണ്ടാം വരവ്. ഒന്നാമത് മനുഷ്യവർഗ്ഗത്തിന് പാപക്ഷമവരുത്തുവാൻ കർത്താവ് വന്നു എങ്കിൽ രണ്ടാമത് തന്നിൽ വിശ്വസിക്കുന്നവരെ ചേർക്കാൻ വീണ്ടും വരും എന്ന് യോഹ. 14:1–3 വരെ വാക്യങ്ങളെ ആസ്പദമാക്കി സഹോദരൻ ഫിലിപ്പ്കുട്ടി ഗൽകാടി ഗ്രാമത്തിൽ ക്രമീകരിച്ച മെഗാകൺവെൻഷനിൽ സംസാരിച്ചു. ലോകസംഭവങ്ങൾ ദൈവവചനത്തിലെ പ്രവചനങ്ങൾ പ്രകാരം നടന്നുകൊണ്ടിരിക്കുന്നു. ക്ഷാമം, ദാരിദ്ര്യം, ഭൂകമ്പം, സുനാമി, കൊടുംകാറ്റ് എന്നിങ്ങനെയുള്ള സംഭവങ്ങൾ കോടികണക്കിന് നഷ്ടങ്ങളാണ് വരുത്തി വയ്ക്കുന്നത്. എന്ന് താൻ പ്രസ്താവിച്ചു.

2012 നവംബർ 6 മുതൽ 8 വരെ സൂറ്റിനടുത്ത് ഗൽകാടി ഗ്രാമത്തിൽ ഗുജറാത്ത് ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യുട്ട് ഗാന്ധിദാം സംഘടിപ്പിച്ച മെഗാ കൺവെൻഷനിൽ ദൈവവചനം ശുശ്രൂഷിക്കുകയായിരുന്നു ഫിലിപ്പുകുട്ടി. സഹോദരൻ എഡ്വിൻ പോളും സംഘവും ഗാനങ്ങൾ ആലപിച്ചു. സഹോദരന്മാരായ ഡേവിഡ്. പി. ഐസക്ക്, എഡ്വിൻ പോൾ, ജയിംസ് ദുബായ്, ജോസ് തോമസ് ഉത്തമപാളയം, സൈമൺ പയ്യന്നൂർ എന്നിവർ രാവിലെ നടന്ന ബൈബിൾ ക്ലാസുകൾ എടുത്തു. ഈ ഗ്രമത്തിൽ നൂറിലധികം വിശ്വാസികൾ പങ്കെടുക്കുന്ന ഒരു സഭാകൂടി വരവ് ഉണ്ട്. ഇവിടെ സുവി. ഗുമൺ ഭായ് ഗ്മിത്ത് പ്രവർത്തിക്കുന്നു. ആയിരങ്ങൾ പങ്കെടുത്ത ഈ കൺവെൻഷനിൽ ചിലർ കർത്താവിനെ അറിയുവാൻ ഇടയായി ചിലരുംകൂടി രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് സഭയോട് ചേരേണ്ടതിനായി പ്രാർത്ഥിക്കുക.

കേരളത്തിൽ നിന്നും തമിഴ്നാട്ടിൽ നിന്നും ഭാരതത്തിന്റെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും സഹോദരന്മാർ പങ്കെടുത്തു.

എഡിറ്റോറിയൽ

## എന്തു ക്രിസത്യൻ കൾച്ചർ?

**ലോ**കത്തിന്റെ എല്ലാ ഭാഗങ്ങളിലും ഇന്നുകാണുന്ന ഒരു കൂട്ടായ്മയാണു ക്രിസ്ത്യൻ കൾച്ചറൽ ഫോറം എന്നത്. ക്രിസ്തീയ സഭകളെന്നു അറിയപ്പെടുന്ന പ്രസ്ഥാനങ്ങളെല്ലാം കൂടിച്ചേർന്നു പ്രവർത്തിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. അതിൽ എപ്പിസകോപ്പൻ, പ്രൊട്ടസ്റ്റന്റു വ്യത്യാസമൊന്നുമില്ല. കൾച്ചറൽ ഫോറത്തിൽ വരുമ്പോൾ മാത്രം കാണുന്ന ഈ കൂട്ടായ്മ (ഒന്നിച്ചു ചേരൽ) യ്ക്കു എത്രത്തോളം പ്രസക്തിയുണ്ടെന്നു ചിലരെങ്കിലും ചോദിച്ചാൽ കുറ്റം പറയാനാകില്ല. ദൈവചനമായ ബൈബിൾ വെളിപ്പെടുത്തുന്ന ക്രിസ്ത്യാനിത്വം ഇന്നത്തെ സഭകളിലുണ്ടോ? എന്താണ് യഥാർഥ ക്രിസ്ത്യൻ കൾച്ചർ ? ആർക്കാണു യഥാർഥ ക്രിസ്തീയ സ്വഭാവം ഉണ്ടായിരിക്കുക? ക്രിസ്തു ഉള്ളിലുള്ളവർക്കല്ലേ ആ സ്വഭാവമുണ്ടാകൂ . ക്രിസ്തു ഉള്ളിൽ വരണമെങ്കിൽ ഒരുവൻ ക്രിസ്തുവിലാകണം അഥവാ രക്ഷിക്കപ്പെടണം (2 കൊരി 5:17). ജൻമനാ ഒരാളും ക്രിസ്ത്യാനിയാകുന്നില്ല; മാത്രമല്ല കർമ്മമാർഗത്താൽ ഒരുവനെ ക്രിസ്ത്യാനിയാക്കുവാനും കഴിയില്ല. എന്നാൽ അതിനു വിപരീതമായി വിശ്വസിക്കയും പഠിപ്പിക്കുകയും ചെയ്യുന്നവരുടെ ക്രിസ്ത്യൻ കൾച്ചർ എന്തായിരിക്കും? അതുമല്ല സുവിശേഷസത്യത്തെ പാടെ അവഗണിക്കുന്ന ഇവരുമായി വേർപെട്ട ജനത്തിനു ക്രിസ്ത്യൻ കൾച്ചറിന്റെ പേരിൻ എന്തു കൂട്ടായ്മയാണു സ്വീകരിക്കാൻ കഴിയുക എന്നു ചിന്തിക്കേണ്ടതുണ്ട്.

ലോകത്തിലുള്ള എല്ലാ മനുഷ്യരോടും ജാതി-മത-വർണ്ണ-ഭാഷാ വ്യത്യാസമെന്യേ സഹകരിക്കുവാനും സഹവർത്തിത്വം കാത്തു സൂക്ഷിക്കുവാനും നമുക്കു കഴിയും; നമുക്കു കഴിയണം. അതല്ലാതെ ക്രിസ്തീയ സഭകളെന്ന പേരിൽ ഏവരുമായും കൈകോർക്കാനുള്ള യാതൊരുവിധ അനുവാദവും ദൈവവചനം നമുക്കു നൽകുന്നില്ല എന്നത് ഓർത്തിരിക്കേണ്ടതാണ്. തിരുവെഴുത്തു നമ്മെ പഠിപ്പിക്കുന്നത് 'അവിശ്വാസികളുമായി ഇണയല്ലാപ്പിണകൂടരുത്' (2 കൊരി 6:14) എന്നാണ്. ഇതു കേവലം വിവാഹത്തോടു ബന്ധപ്പെട്ടു മാത്രമാണു പലപ്പോഴും നാം സ്വീകരിക്കാറുള്ളൂ. (അതും അന്യംനിന്നു വരുന്നുവെന്നതും മറച്ചു വയ്ക്കേണ്ടതില്ല). എന്നാൽ വചനം പറയുന്നതു ശ്രദ്ധിക്കുക. "നിങ്ങൾ അവിശ്വാസികളുമായി ഇണയല്ലാപ്പിണ കൂടരുത്; നീതിക്കും അധർമ്മത്തിനും തമ്മൽ എന്തൊരു ചേർച്ച? വെളിച്ചത്തിനു ഇരുളോടു എന്തൊരു കൂട്ടായ്മ ക്രിസ്തുവിനും ബിലെയാമിനും തമ്മിൽ എന്തു പൊരുത്തം? അല്ല, വിശ്വാസിക്കു അവിശ്വാസിയുമായി എന്തു ഓഹരി? ...അവരുടെ ഇടയിൽ നിന്നു പുറപ്പെട്ടു വേർപെട്ടിരിപ്പിൻ" (2 കൊരി 6:14-18). സുവിശേഷീകരണത്തിനായി ഒന്നിച്ചുനിൽക്കാമെന്നൊരു വാദമുണ്ട്. പക്ഷേ എന്തു സുവിശേഷമാണു ഒന്നിച്ചു ചെയ്യാവുന്നതെന്നു വ്യക്തമാക്കുവാൻ ബാദ്ധ്യതയുണ്ടെന്നതു മറന്നുപോകരുത്.

കർമ്മമാർഗം വിശ്വസിക്കയും ആചരിക്കയും ചെയ്യുന്നതോടൊപ്പം സുവിശേഷ വിഹിത സഭകൾ ബൈബിളിനു വിരുദ്ധമാണെന്നു വരെ പഠിപ്പിക്കയും സുവിശേഷവുമായി വരുന്നവരെ വീട്ടിൽ കയറ്റരുതെന്നു പറയുകയും ചെയ്യുന്നവരുമായ് ചേർന്നു സുവിശേഷീകരണം സാധ്യമായിരുന്നുവെങ്കിൽ നമ്മുടെ പിതാക്കൻമാർ ചെയ്തതു വലിയ മണ്ടത്തരമായെന്നു വരും. അല്ല, ഒരിക്കലുമല്ല. അവർ മാത്രമല്ല നാമും വേർപെട്ടവരായി നിൽക്കുന്നതുകൊണ്ടാണ് ഇക്കൂട്ടരോടും സുവിശേഷം അറിയിക്കാൻ സാധിക്കുന്നത്. ഒന്നിച്ചുനിൽക്കാമെങ്കിൽ മറ്റുള്ളവരോടാണല്ലോ അറിയിക്കേണ്ടത്. ആകയാൽ വേർപെട്ട ദൈവജനമേ, ദൈവം നമ്മെ ഏൽപ്പിച്ചതു കൃത്യമായി നിറവേറ്റാം. അതിനു ശുശ്രൂഷ ഏൽപ്പിച്ചവന്റെ മാത്രം പിന്തുണ മതി. 'ദൈവം തങ്ങളോടു കുടിയിരുന്നു ചെയ്തതൊക്കെയും' (പ്രവൃ. 14:27; മർക്കോ 16:20) എന്നാണു നാം കാണുന്നത്.

എല്ലാവരോടും ചേർന്നുനിന്നു പ്രവർത്തിക്കയല്ല, എല്ലാവരേയും ഉൾക്കൊണ്ടുകൊണ്ട് അവരുടെ രക്ഷക്കായി പ്രവർത്തിക്കയാണ് അഭികാമ്യം.

### വായനക്കാരുടെ ശ്രദ്ധയ്ക്ക്

മാസികയുടെ സുഗമമായ നടത്തിപ്പിന് വരിസംഖ്യ അടയ്ത്തവർ താങ്കളുടെ വരിസംഖ്യയും കുടിശികയും അയച്ചു തന്ന് ഈ പ്രവർത്തനത്തെ സഹായിക്കണമെന്ന് അപേക്ഷിക്കുന്നു. നിങ്ങളുടെ വരിസംഖ്യയും സംഭാവനകളും SANDWANAM എന്ന പേരിൽ ചെക്കോ, ഡ്രാഫ്റ്റോ അയക്കുകയോ Union Bank of India Chundakuzhy Branch -ൽ മാറുവാൻ തക്കവണ്ണമോ A/c No.654402010001524-IPBC.Code. UBIN0565440-ൽ അയക്കുക.

***വാർഷിക വരിസംഖ്യ***

*ഇന്ത്യയിൽ - 60, ഗൾഫിൽ - 500*
*യു.എസ്.എ.- $ 50*

*ലേഖനങ്ങളും കത്തുകളും അയയ്ക്കേണ്ട വിലാസം*

The Chief Editor,
**SANDWANAM**
Chundakuzhy P.O., Perumbavoor - 683 546,
Ernakulam Dist., Kerala. Mob : 97441 17891,
E-mail: sandwanamnews@gmail.com

# ആഴത്തിലേക്ക്

(കഴിഞ്ഞലക്കം തുടർച്ച)





എം. ജെ. പത്രോസ്,
ക്രാരിയേലി

**2. പ്രാർത്ഥന**

പ്രാർത്ഥനയ്ക്ക് മറുപടി കിട്ടുവാനും ആഴമേറിയ വിശ്വാസം ആവശ്യമാണ്. പ്രാർത്ഥിക്കുമ്പോൾ തന്നെ ലഭിച്ചു എന്ന് വിശ്വസിക്കണം. പരീക്ഷണമായ പ്രാർത്ഥനകൊണ്ട് ഒരു പ്രയോജനവും ഇല്ല. വെറുതെ ജല്പനം ചെയ്യാമെന്നു മാത്രം. വിശ്വാസത്തോടുകൂടിയുള്ള പ്രാർത്ഥനയ്ക്ക് മറുപടി കിട്ടുമെന്നാണ് തിരുവചനം പറയുന്നത്. (മത്താ. 21:22, യാക്കോ, 5:15) പ്രാർത്ഥനയുടെ മറ്റു ചില വ്യവസ്ഥകൾ കൂടെ നോക്കുക. ശ്രദ്ധയോടെ പ്രാർത്ഥിക്കണം (പ്രവൃ. 12:5). ഒരുമനപ്പെട്ട് (പ്രവൃ. 4:24). ഐകമത്യപ്പെട്ട് (മത്താ. 18:19) പ്രാർത്ഥിക്കണം. അങ്ങനെ പ്രാർത്ഥിക്കുമ്പോൾ മറുപടിയും ലഭിക്കുന്നു.

**ഹന്നയുടെ പ്രാർത്ഥന 1ശമൂ. 1:10-18**

എൽക്കാനയുടെ ഭാര്യയായ ഹന്നയ്ക്ക് മക്കൾ ഉണ്ടായിരുന്നില്ല. ആണ്ടു തോറും അവർ കുടുംബമായി ശീലോവിൽ ദൈവാലയത്തിൽ പോകുമായിരുന്നു. അവളുടെ പ്രതിയോഗി അവളെ എന്നും പരിഹാസത്താൽ മുഷിപ്പിച്ചിരുന്നു. അവളുടെ ഹൃദയം തകർന്നു. നല്ല ഭർത്താവായ എൽക്കാന നല്ല വാക്കുകളാൽ അവളെ ആശ്വസിപ്പിച്ചു; എങ്കിലും പ്രതിയോഗി കിട്ടുന്ന അവസരം പാഴാക്കാതെ വാക്കുകളാൽ അവളെ ഭാരപ്പെടുത്തി. മാനസിക വിഷമം നിമിത്തം അവൾ പട്ടിണികിടന്നു. വളരെകരഞ്ഞു. ഏതായാലും ഒരു ദിവസം അവൾ ഒരു തീരുമാനമെടുത്തു. എന്റെ ഭാരം യഹോവയുടെ മുമ്പിൽ സമർപ്പിക്കാം. ദൈവാലയത്തിൽ ചെന്ന് ദൈവത്തോട് അറിയിക്കാം. അവൾ ഏകയായിട്ട് ദൈവസന്നിധിയിൽ തന്റെ ഭാരം അറിയിക്കുവാനായിട്ട് പോയി. മനോവ്യസനത്തോടും, ഹൃദയത്തകർച്ചയോടും കൂടി കരഞ്ഞ് പ്രാർത്ഥിച്ചു.

ശബ്ദങ്ങളോ, ബഹളങ്ങളോ, ഒന്നും ഉണ്ടായില്ല. അധരം അനങ്ങുന്നതല്ലാതെ മറ്റൊന്നും ഉണ്ടായില്ല. ഏലി പുരോഹിതൻ പോലും അവളെ തെറ്റിദ്ധരിച്ചു. എങ്കിലും അവളുടെ ആഗ്രഹങ്ങളും ആവശ്യങ്ങളും അറിയുന്ന ദൈവം അവളുടെ ഹൃദയം തകർന്നുള്ള നിലവിളി (പ്രാർത്ഥന) കേട്ടു. യഹോവയുടെ കണ്ണ് നീതിമാൻമാരുടെമേലും, അവന്റെ ചെവി അവരുടെ നിലവിളിക്കും തുറന്നിരിക്കുന്നു (സങ്കീ. 34:15) എന്ന വചനം അവിടെ നിവൃത്തിക്കപ്പെട്ടു. അവൾ പ്രാർത്ഥന കഴിഞ്ഞ് എഴുന്നേറ്റ് പോന്നു എന്നു രേഖപ്പെടുത്തിയിരിക്കുന്നു.

'അവളുടെ മുഖം പിന്നെ വാടിയതുമില്ല' (1 ശമു. 1:8). എന്തുകൊണ്ടാണ് ആ മുഖം വാടാതിരുന്നുത്. ദൈവം എന്റെ പ്രാർത്ഥനയ്ക്ക് മറുപടി നൽകിക്കഴിഞ്ഞുവെന്ന് അവൾക്ക് ഹൃദയത്തിൽ നല്ല ഉറപ്പുണ്ടായി . ഇവിടെയാണ് വിശ്വാസം വെളിപ്പെടുന്നത്. ഇതാണ് ആഴമേറിയ വിശ്വാസത്തിൽ നിന്നുള്ള പ്രാർത്ഥനയുടെ ഉറപ്പ്. പ്രാർത്ഥന കഴിഞ്ഞപ്പോൾ തന്നെ മറുപടിലഭിച്ചു എന്നുള്ളവിശ്വാസം. അവളുടെ വിശ്വാസം പോലെ പിറ്റെ ആണ്ടിൽ ദൈവം അവൾക്ക് ഒരു മകനെ കൊടുത്തു. (1 ശമു. 1:20) അവൾ പ്രാർത്ഥിച്ചപ്പോൾ തീരുമാനിച്ചതുപോലെ ദൈവം നൽകിയ മകനെ ദൈവീക ശുശ്രൂഷകൾക്കായിട്ട് സമർപ്പിച്ചു. എന്തു വലിയ കാഴ്ചപ്പാട് രണ്ടു മക്കളെ തന്നാൽ ദൈവത്തിന് കൊടുക്കാമെന്നല്ല, നീ തരുന്നത് നിനക്കുതന്നെ തരുമെന്ന് പറഞ്ഞു (തീരുമാനിച്ചു). വാക്കിന് മാറ്റം വരുത്തിയില്ല. തീരുമാനിച്ചതുപോലെ തന്നെ ചെയ്തു. ഫലമോ ആദ്യത്തെ മകനെ ദൈവത്തിനുവേണ്ടി സമർപ്പിച്ചപ്പോൾ ദൈവം അവളെ അനുഗ്രഹിക്കുവാൻ തുടങ്ങി. വീണ്ടും 5 മക്കളെ ദൈവം അവൾക്ക് കൊടുത്തു (1 ശമു. 2:21). ദൈവം എത്ര വിശ്വസ്തൻ . പ്രാർത്ഥനയുടെ ആഴത്തിലേക്കിറങ്ങി അവൾ അനുഗ്രഹം വാരികൂട്ടി. വലിയവനായ ദൈവത്തിൽ നിന്ന് വലിയ അനുഗ്രഹങ്ങൾ നേടി എടുത്തു. നമ്മുടെ ജീവിതത്തിൽ പ്രാർത്ഥനയ്ക്ക് എന്തു മാത്രം സ്ഥാനമുണ്ട്? എന്തെല്ലാം അനുഗ്രഹങ്ങൾ പ്രാപിച്ചിട്ടുണ്ട്? കണ്ണുനീരോടെ വിതയ്ക്കുന്നവർ ആർപ്പോടെ കൊയ്യും എന്നുള്ള തിരുവചനം ശ്രദ്ധിക്കുക. നമ്മുടെ ഭവനങ്ങളിൽ, സഭയിൽ, ദേശത്തും ഒക്കെ വളരെ കാര്യങ്ങൾ നടക്കേണ്ടതായിട്ടുണ്ട്. പലതും അസാദ്ധ്യമെന്ന് തോന്നാം. ദൈവത്താൽ സകലവും സാദ്ധ്യം എന്ന് വിശ്വസിച്ച് നമുക്ക് പ്രാർത്ഥിക്കാം. അനുഗ്രഹങ്ങൾ പ്രാപിക്കാം. ഈ നാളുകളിൽ വലിയ അനുഗ്രഹങ്ങൾക്കായി മുട്ടിന്മേൽ നിൽക്കാം. കുറവുകൾ ഏറ്റുപറയാം. വലിയ ആത്മീയ മഴയാൽ ദൈവം നമ്മെ അനുഗ്രഹിക്കും. വിശ്വസിക്കുക, പ്രാർത്ഥിക്കുക.

**കണ്ണുനീരോടെ വിതയ്ക്കുന്നവർ ആർപ്പോടെ കൊയ്യും എന്നുള്ള തിരുവചനം ശ്രദ്ധിക്കുക. നമ്മുടെ ഭവനങ്ങളിൽ, സഭയിൽ, ദേശത്തും ഒക്കെ വളരെ കാര്യങ്ങൾ നടക്കേണ്ടതായിട്ടുണ്ട്. പലതും അസാദ്ധ്യമെന്ന് തോന്നാം. ദൈവത്താൽ സകലവും സാദ്ധ്യം എന്ന് വിശ്വസിച്ച് നമുക്ക് പ്രാർത്ഥിക്കാം. അനുഗ്രഹങ്ങൾ പ്രാപിക്കാം. ഈ നാളുകളിൽ വലിയ അനുഗ്രഹങ്ങൾക്കായി മുട്ടിന്മേൽ നിൽക്കാം. കുറവുകൾ ഏറ്റുപറയാം. വലിയ ആത്മീയ മഴയാൽ ദൈവം നമ്മെ അനുഗ്രഹിക്കും. വിശ്വസിക്കുക, പ്രാർത്ഥിക്കുക.**

പ്രാർത്ഥിച്ച് അനേക കാര്യങ്ങൾ നേടിയെടുത്ത പലരെ സംബന്ധിച്ച് തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതെല്ലാം എടുത്തു പറയുവാൻ ഈ ലേഖനത്തിൽ സാധിക്കയില്ല. ഏലിയാവിന്റെ പ്രാർത്ഥന, നെഹെമ്യാവിന്റെ പ്രാർത്ഥന തുടങ്ങി അനേക വ്യക്തികളുടെ പ്രാർത്ഥനകൾ, പുതിയ നിയമത്തിൽ സഭയുടേയും, പലവിശുദ്ധന്മാരുടേയും പ്രാർത്ഥനകൾ കാണുന്നുണ്ട്. അത്ഭുതകരമായി വിടുതലും ഉണ്ടായിട്ടുണ്ട്.

വരുന്ന ദിവസങ്ങളിൽ നമുക്കും പ്രാർത്ഥനയാൽ അനേക കാര്യങ്ങൾ നേടി എടുപ്പാൻ കർത്താവ് സംഗതിയാക്കട്ടെ. നമുക്ക് വിശ്വാസത്തിന്റേയും, പ്രാർത്ഥനയുടേയും ആഴങ്ങളിലേക്ക് ഇറങ്ങാം. പെരുത്തമീൻ കൂട്ടം അവർക്ക് കിട്ടിയതുപോലെ നമുക്കും അനുഗ്രഹങ്ങളുടെ കൂമ്പാരം കൂട്ടാം. നമ്മെത്തന്നെ ദൈവകരങ്ങളിൽ ഏല്പിക്കാം. സമർപ്പിക്കാം. ദൈവനാമം വാഴ്ത്തപ്പെടുമാറാകട്ടെ. ആഴത്തിലേക്ക് നീക്കി മീൻപിടിത്തത്തിന് വല ഇറക്കുവിൻ. ○

### നർമ്മവും മർമ്മവും

കെ.പി. അതിരപ്പിള്ളി



# ദൈവത്തിന്റെ സഭയിൽ സ്ത്രീജനത്തിന്റെ ശ്രേഷ്ഠത



സുവി. ബെൻസൺ ബാബു,
മീമ്പാറ. 9496579624

**.....വനിതാ പുരോഹിത മുതൽ വനിതാ ബിഷപ്പ് വരെ സമീപകാല യാഥാർത്ഥ്യങ്ങളാണ്.... പെന്തക്കോസ്ത് പ്രസ്ഥാനം ചുവടുറപ്പിച്ചത് സഹോദരിമാരിലൂടെയാണ്.... സഭകളുടെ കണക്കെടുത്താൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ്... എന്നിട്ടും സഹോദരിമാർക്ക് ഇന്നും അവസരങ്ങൾ ഇല്ല., വേദികൾ ഇല്ല, ശുശ്രൂഷാ പങ്കാളിത്തമില്ല, സ്ത്രീകളെ ശുശ്രൂഷകളിൽ പങ്കെടുപ്പിക്കുവാൻ എന്തുകൊണ്ട് നാം തയ്യാറാകുന്നില്ല. സഭയിൽ സാക്ഷ്യമുള്ള ഒരു സ്ത്രീയുടെ കയ്യിൽ ഈ തിരുവത്താഴപാത്രം കൊടുത്താലെന്താ ആകാശം ഇടിഞ്ഞു വീഴുമോ... കേരളത്തിൽ പെന്തക്കോസ്ത് ഉണ്ടാക്കിയ കുക്ക് സായിപ്പിനെ കൈവെപ്പ് നൽകി പ്രാർത്ഥിച്ച് ഇങ്ങോട്ടയച്ചത് ഒരു സ്ത്രീയായിരുന്നു. പേര് മറിയ എറ്റർ .... അവർ അംഗീകൃത പാസ്റ്റർ ആയിരുന്നു. മിസ് ഈഡി എന്ന വനിതാ പാസ്റ്റർ കണ്ണൂരിൽ സ്നാന ശുശ്രൂഷകൾ നിർവഹിച്ചത് ചരിത്രത്തിൽ ഉണ്ട്... പിടക്കോഴി കൂകിയാൽ നേരം വെളുക്കില്ലേ?**

**ഞാൻ വേഗത്തിൽ നിന്റെ അടുക്കൽ വരും എന്ന് ആശിക്കുന്നു., താമസിച്ച് പോയാലോ സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിൽ നടക്കേണ്ടത് എങ്ങനെയെന്ന് നീ അറിയേണ്ടതിന് ഇത് എഴുതുന്നു.** (1 തിമോ.3:14,15)

അപ്പോസ്തലനായി വിളിക്കപ്പെട്ട പൗലോസ് തിമോഥയോസിന് എഴുതിയ ഒന്നാം ലേഖനത്തിൽ നിന്നുദ്ധരിച്ചിരിക്കുന്ന ഈ വേദ ഭാഗത്തിന്റെ അടിസ്ഥാനത്തിലാണ് ദൈവത്തിന്റെ സഭയിൽ സ്ത്രീജനത്തിന്റെ ശ്രേഷ്ഠത എന്ന വിഷയം നാം പഠിക്കുന്നത്. ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിൽ നടക്കേണ്ടത് എങ്ങനെ എന്നത് വ്യക്തമായി ദൈവത്തിന്റെ ആത്മാവ് നമുക്ക് രേഖപ്പെടുത്തി തന്നിട്ടുള്ളതിനാൽ, പ്രാർത്ഥനയോടെ ഈ വിഷയം നാം പഠിക്കുമ്പോൾ ആശയക്കുഴപ്പം നേരിടുകയില്ല. എന്നാൽ എത്ര വ്യക്തമായ പ്രമാണങ്ങളായാലും ദൈവ വാസ്തവമായി കൽപ്പിച്ചിട്ടുണ്ടോ? എന്ന തന്ത്രപരമായ ചോദ്യം കൊണ്ട് ദൈവജനത്തെ ചിന്താക്കുഴപ്പത്തിലാക്കുവാനും അതുവഴി ആത്യന്തികമായി അവരെ വിശ്വാസ ത്യാഗികളാക്കുവാനും സാത്താന് സാധിക്കും. ഈ വിഷയ സംബന്ധമായി നമ്മുടെ ഇടയിൽ ഉയർന്ന് വന്നുകൊണ്ടിരിക്കുന്ന ആശയപരമായ ഭിന്നതകൾക്കുള്ള ഒരു കാരണം തിരുവെഴുത്തുകളെ ശരിയായി വിശകലനം ചെയ്യുന്നതിൽ വരുത്തിയിരിക്കുന്ന പിഴവാണ്. ചിലപ്പോഴെങ്കിലും പരമാർത്ഥതയും അതുപോലെ ചില വ്യക്ത്യാധിഷ്ഠിത കേന്ദ്രങ്ങളുടെ സ്വാർത്ഥ താൽപര്യങ്ങളും ഗൂഢമായ ലക്ഷ്യങ്ങളും ഇപ്രകാരമുള്ള ഭിന്നതയ്ക്ക് പിറകിലുണ്ട് എന്ന് പറഞ്ഞാൽ അത് അൽപ്പം പോലും അതിശയോക്തി കലർന്ന ഒരു പ്രസ്താവനയായിരിക്കില്ല.ബ്രദറൺ സമൂഹത്തിലെ നവീനമായ പല ആത്മീക(?) ചലനങ്ങളെയും ശ്രദ്ധയോടെ വീക്ഷിച്ചാൽ ആർക്കും അത് സുവ്യക്തമാവും.

മുമ്പ് സൂചിപ്പിച്ചതുപോലെ ദൈവ വാസ്തവമായി കൽപ്പിച്ചിട്ടുണ്ടോ? എന്ന ചോദ്യത്തിന് സമാനമായി ഉയർന്നുവരുന്ന ചില ചോദ്യങ്ങളാണ് കാലങ്ങളായി കൃത്യമായ തിരുവെഴുത്തുകളുടെ പിൻബലത്തോടെ നാം പിന്തുടർന്നു പോരുന്ന ചില ഉപദേശ വിഷയങ്ങളെ വീണ്ടും വീണ്ടും പരിശോധിക്കുവാൻ ആവശ്യമായി വരുന്നത്. നിങ്ങളിൽ കൊള്ളാകുന്നവർ വെളിവാകേണ്ടതിന് നിങ്ങളുടെ ഇടയിൽ ഭിന്നപക്ഷങ്ങളും ഉണ്ടാകണം. (1 കൊരി 11:19) എന്ന അപ്പോസ്തലന്റെ വാക്കുകൾ ഇപ്രകാരമുള്ള സന്ദർഭങ്ങളിൽ അന്വർത്ഥമാകുന്നു.

**2.** നാം ആശ്രയിക്കുന്ന ദൈവം ഗതിഭേദത്താലുള്ള ആഛാദനം ഉള്ളവനല്ല. അവന്റെ വചനങ്ങൾ കാലാനുസൃതമായ മാറ്റങ്ങൾക്ക് വിധേയപ്പെടുന്നതും അല്ല. വെളിപ്പെടുത്തപ്പെട്ട സത്യങ്ങൾക്ക് വിരുദ്ധമായ ഒരു പ്രകാശനം ഒരു കാലത്തും അവൻ ആർക്കും നൽകുന്നുമില്ല. അപ്രകാരം അവകാശപ്പെടുന്നവർ ഏതാത്മാവിനാൽ നടത്തപ്പെടുന്നവരാണ് എന്ന് ബഹുമാന്യ വായനക്കാർ തീരുമാനിക്കുക. ഗ്രഹിക്കുവാൻ പ്രയാസമുള്ള ചില ഭാഗങ്ങൾ തിരുവെഴുത്തിലുണ്ട്. എന്നാൽ അറിവില്ലാത്തവരും അസ്ഥിരൻമാരുമായവർ ചെയ്യുന്നതുപോലെ അവയെ നമ്മുടെ നാശത്തിനായി കോട്ടിക്കളയാതെ, എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നവനായ ദൈവത്തോട് ജ്ഞാനത്തിനായി യാചിക്കുകയാണ് വേണ്ടത്. അങ്ങനെയെങ്കിൽ ദൈവം അത് നമുക്ക് പ്രകാശിപ്പിച്ചുതരും. പ്രിയരെ നാം പ്രാപിച്ചിരിക്കുന്ന പരിജ്ഞാനം തന്നെ അനുസരിച്ച് നടക്കുക. ദൈവാത്മാവ് വ്യക്തമാക്കിത്തരുന്ന സത്യങ്ങൾ അംഗീകരിക്കുവാനുള്ള മനസ്സ് എല്ലാവർക്കും ഉണ്ടാകേണ്ടതാണ്. അതാണ് ദൈവത്തോടുള്ള ഭക്തി.

അപ്പോസ്തലന്മാരുടെ ഗണത്തിലും മൂപ്പന്മാരുടെ ഗണത്തിലും പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ചില സഹോദരിമാർ ഉണ്ടായിരുന്നുവെന്നും ആയതിനാൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട സ്ത്രീകൾക്ക് തങ്ങളുടെ ദൈവവിളി നിവൃത്തിയാക്കേണ്ടതിനാവശ്യമായ നേതൃസ്ഥാനങ്ങൾ നിരസിക്കുവാൻ പാടുള്ളതല്ല എന്നെല്ലാം തെളിയിക്കുവാൻ വൃഥാശ്രമം നടത്തുന്ന ഒരു ലേഖന പരമ്പര ഈ അടുത്ത സമയത്ത് ജീവവചനത്തിൽ വായിക്കുവാനുള്ള ഒരു ദുര്യോഗമുണ്ടായി. പ്രസക്ത ഭാഗങ്ങൾ താഴെ ഉദ്ധരിക്കുന്നു.

ഗ്രീക്കിൽ ഒരു സ്ത്രീ നാമമാണ് യൂനിയ. അവളെ അപ്പോസ്തലയെന്ന് വിളിച്ചിരിക്കുന്നു...... അന്ത്രോനിക്കോസിനും യൂനിയാവിനും വന്ദനം ചൊല്ലുവിൻ; അവർ അപ്പോസ്തലന്മാരുടെ ഇടയിൽ പേർകൊണ്ടവരും..... (റോമർ16:17) ഫിലിപ്പിയ സഭയിലെ ആത്മിക നേതാക്കളായിരുന്നു യുവൊദ്യയും സന്തുകയും..... ക്ലേമന്ത് മുതലായ എന്റെ കൂട്ടുവേലക്കാരുമായി ആ സ്ത്രീകൾ എന്നോടുകൂടെ സുവിശേഷ ഘോഷണത്തിൽ പോരാടിയിരിക്കുന്നു. (ഫിലി 4:23); എന്നാണ് പൗലോസ് പറഞ്ഞിരിക്കുന്നത്.

മാന്യ നായകിയാർക്ക് യോഹന്നാൻ എഴുതിയ ലേഖനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഒരു കാര്യം വ്യക്തമാണ്, അവർ അധികാരവും മാന്യതയുമുള്ള ഒരു ആത്മീക വനിതയായിരുന്നു എന്നത്. സഭയിലെ മൂപ്പന്മാർക്ക് സാധാരണയായി കൊടുക്കുന്ന വേലയാണ് (അ.പ്രവൃ. 20: 17, 28 -31) അവൾക്ക് സഭയിൽ ഉണ്ടായിരുന്നതെന്ന് ഇതിൽ നിന്നും അനുമാനിക്കാം. എല്ലാ തെളിവുകളും വച്ച് പരിശോധിക്കുമ്പോൾ ഒരു അനുമാനത്തിൽ എത്തിച്ചേരുവാൻ സാധിക്കുന്നു. വേദപുസ്തകത്തിൽ നേതൃത്വത്തെക്കുറിച്ച് പറയുന്നിടത്തെല്ലാം മുൻഗണന പുരുഷന്മാർക്കാണ്. എന്നാൽ തിരഞ്ഞെടുക്കപ്പെട്ട വനിതകൾക്ക് തങ്ങളുടെ ദൈവവിളി നിവൃത്തിയാക്കേണ്ടതിനാവശ്യമായ നേതൃസ്ഥാനങ്ങൾ ഒരിക്കലും നിരസിച്ചതായി കാണുന്നില്ല. *(ജീവവചനം 2012 മാർച്ച് 29, പേജ് 5)*

**3.** ലേഖന കർത്താവായ ബഹുമാന്യ സഹോദരൻ വി.എം ജോൺ ചേത്തയ്ക്കൽ എല്ലാ തെളിവുകളുടേയും അടിസ്ഥാനത്തിൽ എത്തിച്ചേർന്നിരിക്കുന്നത് ഒരു യാഥാർത്ഥ്യത്തിലല്ല മറിച്ച് അനുമാനത്തിലാണ് എന്നത് തന്റെ തന്നെ വാക്കുകൾ തന്റെ വാദഗതികളുടെ ആധികാരികതയെ പരിഹസിക്കുകയാണ്. ദൈവസഭയുടെ പ്രമാണങ്ങളും അനുഷ്ഠാനങ്ങളും കർമ്മങ്ങളും ഏതെങ്കിലും അനുമാനത്തിൽ അധിഷ്ഠിതമായിട്ടല്ല രൂപം കൊണ്ടിട്ടുള്ളത് പ്രത്യുത വ്യക്തവും, കൃത്യവും, ശക്തവുമായ വേദഭാഗങ്ങളുടെ പിൻബലത്തിലാണ്. ഇനി മറ്റൊരു ലേഖനഭാഗം ശ്രദ്ധിക്കുക.


സ്ത്രീകൾ സഭയിൽ പ്രാർത്ഥിക്കുകയും സ്തോത്രം ചെയ്യുകയും, പ്രവചിക്കുകയും ചെയ്യാമെന്ന് പറയുന്നത് ഒരു നവീനോപദേശമല്ല. പുതിയ നിയമം നിഷ്പക്ഷമായി പഠിക്കുമ്പോൾ ഇത് ഒരു അപ്പോസ്തോലിക ഉപദേശമാണെന്ന് മനസ്സിലാക്കുവാൻ പ്രയാസമില്ല. *(ജീവവചനം, 2011 നവംബർ 29, പേജ് 4)* ലേഖന കർത്താവ് ബഹുമാന്യ സഹോദരൻ പി.പി സ്കറിയ. വേർപാടുകാർ എന്നറിയപ്പെടുന്ന നമ്മുടെ ഇടയിൽ മാത്രമല്ല പൊതുവെ ക്രൈസ്തവലോകത്തിൽ ആകമാനം സഭയിൽ സ്ത്രീകളുടെ ശുശ്രൂഷകൾ സംബന്ധിച്ച് ചൂടുപിടിച്ച ചർച്ചകളും, വാഗ്വാദങ്ങളും നടന്നുകൊണ്ടിരിക്കുന്നഒരു കാലഘട്ടമാണിത് ഈ വിഷയത്തോടുള്ള ബന്ധത്തിൽ വിവിധ പത്രമാധ്യമങ്ങളിൽ വന്ന ക്രൈസ്തവ നേതാക്കളുടെ ചില പരാ

*(ശേഷം പേജ് 4*

## നിത്യതയിൽ

**വടക്കഞ്ചേരി:** കോട്ടക്കുളം ബ്രദറൺ സഭാംഗവും മുട്ടത്ത് കുടുംബാഗവുമായ സഹോദരൻ എം.വി കുഞ്ഞുകുഞ്ഞ് (77) 22-11-2012 താൻ പ്രിയംവെച്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഭൗതീക ശരീരം ഉയിർപ്പിൻ നാളിൽ വീണ്ടും കാണാം എന്ന പ്രത്യാശയോടെ 26-11-2012 ന് സംസ്ക്കരിച്ചു. മക്കൾ. പാസ്റ്റർ സന്തോഷ് (മലങ്കര ബാപ്റ്റിസ്റ്റ് ചർച്ച് പ്രസിഡന്റ്) മിനി, ജോസഫ് മരുമക്കൾ സോഫി, ബിനോയി, ജെസ്സി,

**കൊട്ടാരക്കര:** തൃക്കണ്ണമംഗൽ ബ്രദറൺ സഭാംഗവും തെക്കേറ്റത്ത് കുടുംബാംഗവും പ്രശസ്ത സാഹിത്യകാരനും കവിയും റിട്ടേഡ് അദ്ധ്യാപകനുമായ സാഹിത്യവിശാരദ് റ്റി.ഒ ചാക്കോസാർ (86) 4-12-2012ന് താൻ പ്രിയം വെച്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഭൗതീക ശരീരം ഉയിർപ്പിൻനാളിൽ വീണ്ടും കാണാം എന്ന പ്രത്യാശയോടെ 10-12-2012 ന് സംസ്ക്കരിച്ചു. ഭാര്യ ബേബി മക്കൾ തോമസ്, തമ്പി, മറിയാമ്മ, റ്റൈറ്റസ് മരുമക്കൾ, ആലീസ്, നാൻസി, പാസ്റ്റർ. മാത്യു ജിജി



**പാക്കിൽ:** പാക്കിൽ ബ്രദറൺ ബിലിവേഴ്സ് ചർച്ച് അംഗവും വാളാംപറമ്പിൽ കുടുംബാഗവുമായ രവി പോൾ (57) 10-12-2012 ന് താൻ പ്രിയംവച്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഭൗതീക ശരീരം ഉയിർപ്പിൻ നാളിൽ വീണ്ടും കാണാം എന്ന പ്രത്യാശയോടെ 11-12-2012 ന് അയ്മനം ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്ക്കരിക്കപ്പെട്ടു. ഭാര്യ ലോവീസ്, മകൾ ലോയിന മരുമകൻ അനൂപ്.

**പാണംകുഴി:** പാണംകുഴി ബാപ്റ്റിസ്റ്റ് സഭാംഗവും പാറയ്ക്കൽ കുടുംബാഗവുമായ സഹോദരി ശോശാമ്മ ഇയ്യോബ് 20-12-2012 ന് താൻ പ്രിയം വെച്ച കർത്തൃ സന്നിധിയിൽ ചേർക്കപ്പെട്ടു. അന്നുതന്നെ ഉയിർപ്പിൻ നാളിൽ കാണാം എന്ന പ്രത്യാശയോടെ ഭൗതീക ശരീരം സംസ്കരിച്ചു. മക്കൾ പാസ്റ്റർ പി.ഐ പൗലോസ് , പി,ഐ പീറ്റർ (ചീഫ് എഡിറ്റർ എഴുത്തുകോൽ മാസിക)ചിന്നു മരുമകൾ സാറാമ്മ, ചിന്നു



**കനകമല:** തേശ്ശേരി ബ്രദറൺ സഭാംഗവും ആദ്യകാല വിശ്വാസിയും കരേടത്ത് കുടുംബാഗവുമായ അന്തോണി(102) 7-12-2012 ന് താൻ പ്രിയംവെച്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഭൗതീക ശരീരം ഉയിർപ്പിൻനാളിൽ കാണാം എന്ന് പ്രത്യാശയോടെ 8-12-2012 ന് സംസ്കരിച്ചു. മക്കൾ:ചാക്കുണ്ണി- അന്നമ്മ, ജോർജ്-ത്രേസ്യാമ, വറുഗീസ് - തങ്കമ്മ, പൗലോസ് - ജൈനമ്മ, പത്രോസ് - വത്സ, ജോസ് - മോളി, ശോശാമ്മ - ചാർളി, സാറാമ്മ - പരേതനായ ചാക്കോ, മാർത്ത - മാത്യു, മേരി - മാത്യു (റൂബി)

**പോത്താനിക്കാട്:** പോത്താനിക്കാട് ബ്രദറൺ സഭാഗവും ചെമ്പകശ്ശേരി കുടുംബാഗവുമായ ശോശാമ്മ(95) 18-12-2012 ന് താൻ പ്രിയംവെച്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഭൗതീക ശരീരം ഉയിർപ്പിൻനാളിൽ കാണാം എന്ന് പ്രത്യാശയോടെ 21-12-2012 ന് സംസ്കരിച്ചു.

പി. ടി. തോമസ്, ജാംബുവ

# സത്യം നിങ്ങളെ സ്വതന്ത്രരാക്കും

**(കഴിഞ്ഞലക്കം തുടർച്ച)**

**യേശുക്രിസ്തുവിന്റെ ദൈവത്വം**

ത്രിത്വ നിഷേധികളായ യഹോവ സാക്ഷികൾ മുതൽപേർ യേശു ക്രിസ്തുവിന്റെ ദൈവത്വത്തെപ്പറ്റിയുള്ള തിരുവെഴുത്തിലെ ഉപദേശത്തെ നിരാകരിക്കുന്നവരാണ് യേശു ക്രിസ്തുവിന്റെ ദൈവത്വം പിതാവിനോടുള്ള തന്റെ സമത്വത്തേയും നിത്യതയേയും കാണിക്കുന്നവയല്ലെന്നും, പ്രത്യുത അനേകം ദേവന്മാരുടെ കൂട്ടത്തിൽ ഒരാൾ മാത്രമാണ് യേശുക്രിസ്തു. എന്നുമാണ് അക്കൂട്ടർ വാദിക്കുന്നത്. യേശുക്രിസ്തുവിന്റെ ദൈവത്വത്തെപ്പറ്റി ബൈബിളിൽ എന്താണ് പറയുന്നത്? കുറഞ്ഞപക്ഷം മൂന്ന് വിധത്തിൽ യേശുക്രിസ്തുവിന്റെ ദൈവത്വത്തിന് സ്പഷ്ടമായ തെളിവുകൾ തിരുവെഴുത്തുകൾ നൽകുന്നുണ്ട്.

ക്രിസ്തീയ വിശ്വാസത്തിനു ഒഴിച്ചുകൂടാൻ പാടില്ലാത്ത അടിസ്ഥാന തത്വങ്ങളിൽ പ്രധാനപ്പെട്ടവയിൽ ഒന്നാണ് യേശുക്രിസ്തുവിന്റെ ദൈവത്വം. ഞാൻ അങ്ങനെയുള്ളവൻ എന്ന് നിങ്ങൾ വിശ്വസിക്കാഞ്ഞാൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും. (യോഹ. 8:24) എന്ന് കർത്താവ് പറഞ്ഞിട്ടുണ്ട്. ക്രിസ്തുവിനെക്കുറിച്ച് നിങ്ങൾക്ക് എന്തുതോന്നുന്നു എന്ന ചോദ്യം അനുസ്മരിക്കുക. ക്രിസ്തുവിന്റെ ദൈവത്വത്തെപ്പറ്റിയുള്ള പ്രസ്താവനകൾ നാലു വിധമായി നമുക്ക് ചിന്തിക്കാൻ കഴിയും.

1.പിതാവ് പുത്രനെ ദൈവം എന്ന് വിളിക്കുന്നത്.

2.പ്രവാചകന്മാർ യേശുക്രിസ്തുവിനെപ്പറ്റി പറഞ്ഞിട്ടുള്ളത്.

3.യേശുക്രിസ്തു താൻ തന്നെപ്പറ്റി പറഞ്ഞിട്ടുള്ളത്.

4.യേശുക്രിസ്തുവിന്റെ ദൈവത്വത്തെക്കുറിച്ച് അപ്പോസ്തലന്മാർ എഴുതിയിട്ടുള്ളത്.

മേൽ പ്രസ്താവിച്ച നാലു വിധത്തിലും യേശുക്രിസ്തുവിനെ ദൈവം എന്നു വ്യക്തമായി വിളിച്ചിട്ടുള്ള തിരുവെഴുത്തുകൾ നമുക്ക് കണ്ടെത്തുവാൻകഴിയും. എബ്രായർ 1:8–ൽ ദൈവമേ നിന്റെ..... ചെങ്കോൽ നേരുള്ള ചെങ്കോൽ എന്ന് പിതാവ് പുത്രനോട് സംസാരിക്കുന്നതായി ലേഖനകാരൻ പ്രസ്താവിക്കുന്നു. സങ്കീ. 45:6 ഉദ്ധരിച്ചുകൊണ്ടാണ്, പിതാവിനാൽ ദൈവമെന്നു സംബോധന ചെയ്യപ്പെട്ടവനാണ് പുത്രൻ എന്നു ലേഖനകാരൻ വ്യക്തമാക്കുന്നത്. പിതാവാം ദൈവം തന്റെ പുത്രനോടും നിത്യദൈവമായിത്തന്നെ കണ്ടിരിക്കുന്നുവെന്നാണ് എബ്രായ ലേഖനകാരൻ വിശദമാക്കുന്നത്.

യെശയ്യ 9:6–ൽ പ്രവാചകൻ വരുവാനുള്ള മശിഹയെപ്പറ്റി പ്രവചിക്കുമ്പോൾ: നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്ക് ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവനു അത്ഭുതമന്ത്രി വീരനാം ദൈവം , നിത്യപിതാവ്, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും എന്നിങ്ങനെ പ്രസ്താവിച്ചിരിക്കുന്നു. ജനിപ്പാനിരിക്കുന്ന മശിഹ, അവനൊരു ശിശുവായിരിക്കുമ്പോഴും, അവൻ വീരനാം ദൈവം എന്ന് വിളിക്കപ്പെടും എന്നാണ് യെശയ്യാവിന്റെ പ്രവചനം. ക്രിസ്തു മനുഷ്യനായി അവതരിച്ചപ്പോൾ ദൈവത്വമുപേക്ഷിച്ച് മനുഷ്യനായിത്തീരുകയാണുണ്ടായതെന്ന് പറയുന്ന റസ്സൽ മതക്കാരുടെ വാദം ഈ വാക്യത്തിന്റെ മുമ്പിൽ തകർന്ന് പോകുകയാണ്. അത് മാത്രമല്ല, അവൻ മരിച്ചുയിർത്തെഴുന്നേറ്റ ശേഷം അവന് ലഭിക്കുവാനുള്ള ഭാവികാല നാമമാണു വീരനാം ദൈവം എന്ന് പറയുന്നതും അശേഷം ന്യായമല്ല. ഭൂമിയിൽ ജീവിക്കുന്ന ദൈവപുത്രനെ അവൻ മനുഷ്യനായിരിക്കുമ്പോൾ തന്നെ വീരനാം ദൈവം എന്ന് വിളിക്കപ്പെടണം. എന്ന ആജ്ഞാരൂപത്തിലുള്ള പ്രവചനമാണിവിടെയുള്ളത്. (His name shall be called Mighty God) Third personal –ൽ shall ഉപയോഗിച്ചാൽ ഭാവികാല സൂചകമല്ല. നിർദ്ദേശം അഥവാ കല്പനാരൂപമാണുള്ളത് അതുകൊണ്ട് ഭാവിയിൽ എപ്പോഴെങ്കിലും വീരനാം ദൈവം എന്ന് വിളിക്കപ്പെടും എന്നല്ല, ശിശുവായ മശിഹായെ അങ്ങനെ വിളിക്കണം എന്നാണ് സാരം.

നമ്മുടെ കർത്താവ് താൻ തന്നെ ദൈവം ആണെന്ന് അവകാശപ്പെട്ടിട്ടുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്. യോഹ. 5:18–ൽ നാം വായിക്കുന്നു അങ്ങനെ അവൻ ശബ്ബത്തിനെ ലംഘിച്ചതുകൊണ്ട് മാത്രമല്ല, സ്വന്തം പിതാവെന്നു പറഞ്ഞ് തന്നെത്താൻ ദൈവത്തോട് സമനാക്കിയതുകൊണ്ടും. യഹൂദൻമാർ അവനെ കൊല്ലുവാൻ അധികമായി ശ്രമിച്ചു ഈ ഭാഗത്ത് സുവിശേഷകനായ യോഹന്നാൻ പറയുന്നത് ദൈവം സ്വന്തം പിതാവ് എന്നുള്ള തന്റെ അവകാശവാദം ദൈവത്തോട് സമനാക്കൽ എന്നു കൂടെയായിരുന്നു എന്നാണ്. ദൈവം സ്വന്തപിതാവെന്നു പറഞ്ഞാൽ താൻ ദൈവമാണെന്ന് സാക്ഷാത്തായ അർത്ഥമാണ് യഹൂദന് മനസ്സിലാകുന്നത്. അതുകൊണ്ടാണ് സ്വന്തം പിതാവെന്നുപറഞ്ഞ് തന്നത്താൻ ദൈവത്തോടു സമനാക്കിയതുകൊണ്ടും യഹൂദൻമാർ അവനെ കൊല്ലുവാൻ അധികം ശ്രമിച്ചത്.

യോഹ. 5:22–ൽ എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതുപോലെ പുത്രനേയും ബഹുമാനിക്കുന്നതിന് പിതാവ് ആരേയും ന്യായം വിധിക്കാതെ ന്യായവിധിഎല്ലാം പുത്രന് കൊടുത്തിരിക്കുന്നു ഈ വാക്കുകളിൽ നമ്മുടെ കർത്താവ് ബഹുമാനത്തിൽ താൻ പിതാവിനോട് തുല്യനാണെന്ന് സമർത്ഥിച്ചിരിക്കുകയാണ്. താൻ കേവലം ഒരു മഹാൻ മാത്രമായിരുന്നെങ്കിൽ പിതാവിനോട് തുല്യമായ ബഹുമാനത്തിന് അർഹനാകുന്നത് എങ്ങനെ? ഞാൻ എന്റെ മഹത്വം മറ്റൊരുത്തന് വിട്ടുകൊടുക്കുകയില്ല എന്നാണ് പിതാവ് പറയുന്നത്. ഞാൻ അത്യുന്നതനോട് സമനാകും. എന്ന് പറഞ്ഞതാണ് വിശിഷ്ട ദൂതനായ ലൂസിഫറിന്റെ കുറ്റം. അതുകൊണ്ട് അവൻ വെട്ടേറ്റ് വീണുപോയി അങ്ങനെയെങ്കിൽ ഒരു മനുഷ്യൻ മാത്രമായ ക്രിസ്തുവാണ് മേൽപറയപ്പെട്ട വിധത്തിൽ ദൈവതുല്യമായ ബഹുമാനം ആവശ്യപ്പെടുന്നത് എത്രയോ വലിയ പാതകമായിരിക്കും. യോഹ. 5:22. താൻ ദൈവത്തോട് സമനും ദൈവവുമാണെന്ന് വെളിപ്പെടുത്തുന്നു.

യോഹന്നാൻ 10.30–ൽ ഞാനും പിതാവും ഒന്നാകുന്നു എന്നും കർത്താവ് പറഞ്ഞിട്ടുണ്ട്. താൻ മനുഷ്യനായിരിക്കെ ഞാനും പിതാവും ഒന്നാകുന്നു എന്ന് പറയുമ്പോൾ താൻ മനുഷ്യൻ മത്രമല്ല ദൈവത്തോട് സമനും ദൈവം തന്നെ എന്നുമാണ് സാരം. അത്യുന്നതനായ ദൈവവും കേവലം സൃഷ്ടിയായ ഒരു മനുഷ്യനും എന്ന നിലയിൽ മാത്രം പിതാവിനേയും, പുത്രനേയും കാണുന്നവർ, ഞാനും പിതാവും ഒന്നാകുന്നു എന്നുള്ള കർത്താവിന്റെ വാക്കുകൾ അതിന്റെ ബന്ധത്തിൽ നിന്നുമാറ്റി ദുർവ്യാഖ്യാനം ചെയ്യാൻ ശ്രമിക്കാറുണ്ട്. ഇവിടെ പറയുന്ന ഏകത്വം, അഭിപ്രായത്തിലുള്ള ഐകമത്യം മാത്രമാണെന്ന് അവർ പറയും. എന്നാൽ ഈ ഭാഗത്ത് അഭിപ്രായ ഐക്യത്തിന്റെ കാര്യമല്ല തത്വത്തിൽ അഥവാ സാരാംശത്തിലുള്ള ഐക്യത്തെപ്പറ്റിയാണ് പ്രതിവാദിച്ചിരിക്കുന്നത് എന്നുള്ളത് സ്പഷ്ടമാണ്. തനിക്ക് പിതാവിനോടുള്ള തുല്യതയിൽ താൻ സാക്ഷാൽ ദൈവമാണെന്നും അങ്ങനെ താനും പിതാവും ദൈവത്വത്തിലേ രണ്ട് ആളത്വങ്ങളാണെന്നും ഈ ഭാഗത്തുനിന്നും ഗ്രഹിപ്പാൻ കഴിയും ഏകത്വവും ബഹുത്വവും ഈ വാക്കുകളിൽ അടങ്ങിയിട്ടുണ്ട്.

*(തുടരും)*

# *സ്ത്രീജനം.....*

*(3–ാം പേജ് തുടർച്ച)*

മർശങ്ങൾ സഹോ.തോമസ് മത്തായി ആനിക്കാട്, 'തിരുവെഴുത്തിൽ സ്ത്രീകളുടെ സ്ഥാനം– ശുശ്രൂഷകൾ' എന്ന തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തോടുള്ള കടപ്പാടറിയിച്ചുകൊണ്ട് ആ പരാമർശങ്ങൾ ഇവിടെ പകർത്തുന്നു.

ക്രിസ്തു ദർശനത്തിൽ ഉൾചേർന്നിരിക്കുന്ന വനിതാ തുല്യാവകാശം ക്രൈസ്തവ സഭകളിലും സംഘടനകളിലും നടപ്പാക്കണമെന്ന് ഡോ.ഗീവർഗീസ് മാർ കൂറിലോസ് പറഞ്ഞു. *(മലയാള മനോരമ 24.11.2009)*

.....വനിതാ പുരോഹിത മുതൽ വനിതാ ബിഷപ്പ് വരെ സമീപകാല യാഥാർത്ഥ്യങ്ങളാണ്.... പെന്തക്കോസ്ത് പ്രസ്ഥാനം ചുവടുറപ്പിച്ചത് സഹോദരിമാരിലൂടെയാണ്...... സഭകളുടെ കണക്കെടുത്താൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ്... എന്നിട്ടും സഹോദരിമാർക്ക് ഇന്നും അവസരങ്ങൾ ഇല്ല., വേദികൾ ഇല്ല, ശുശ്രൂഷാ പങ്കാളിത്തമില്ല, സ്ത്രീകളെ ശുശ്രൂഷകളിൽ പങ്കെടുപ്പിക്കുവാൻ എന്തുകൊണ്ട് നാം തയ്യാറാകുന്നില്ല. സഭയിൽ സാക്ഷ്യമുള്ള ഒരു സ്ത്രീയുടെ കയ്യിൽ ഈ തിരുവത്താഴപാത്രം കൊടുത്താലെന്താ ആകാശം ഇടിഞ്ഞു വീഴുമോ... കേരളത്തിൽ പെന്തക്കോസ്ത് ഉണ്ടാക്കിയ കുക്ക് സായിപ്പിനെ കൈവപ്പ് നൽകി പ്രാർത്ഥിച്ച് ഇങ്ങോട്ടയച്ചത് ഒരു സ്ത്രീയായിരുന്നു. പേര് മറിയ എറ്റർ.... അവർ അംഗീകൃത പാസ്റ്റർ ആയിരുന്നു. മിസ് ഈഡി എന്നവനിതാ പാസ്റ്റർ കണ്ണൂരിൽ സ്നാന ശുശ്രൂഷകൾ നിർവഹിച്ചത് ചരിത്രത്തിൽ ഉണ്ട്.. പിടക്കോഴി കൂകിയാൽ നേരം വെളുക്കില്ലേ? *(വേൾഡ് ഇവാ. വീക്കിലി 1995 സെപ്തം.)*

**4.** വേൾഡ് ഇവാ. വീക്കിലിയിലെ ലേഖന കർത്താവ് ആരായിരുന്നാലും. സഭാ ശുശ്രൂഷകളിലെ സ്ത്രീ–പൂരുഷ സമത്വം സ്ഥാപിക്കാൻ അദ്ദേഹം ഉന്നയിച്ചിരിക്കുന്നവാദങ്ങൾ വളരെ രസാവാഹമാണ്. സഭയിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ്, കുക്ക് സായിപ്പിനെ കൈവപ്പ് നൽകി അയച്ചത് ഒരു സ്ത്രീ ആണ്, വനിതാ പാസ്റ്റർ കണ്ണൂരിൽ സ്നാന ശുശ്രൂഷ നടത്തിയതായി ചരിത്രത്തിലുണ്ട്. ഇങ്ങനെ പോകുന്നു തന്റെ വാദമുഖങ്ങൾ. തന്റെ വാദങ്ങൾ സ്ഥാപിക്കുവാനും അതേ സമയം, തന്നെ ഒരു ദുരുപദേഷ്ടാവായി മുദ്രകുത്തുവാൻ സാധ്യതയുള്ളതുകൊണ്ട് അതിനെതിരെ ഒരു മുൻകൂർ ജാമ്യം എന്ന നിലയിലും ബഹുമാന്യ സഹോദരൻ പ്രൊഫ. പി.പി സ്കറിയ ഏതാണ്ടിതേ രീതിയിൽ തന്നെയാണ്, തന്റെ ഭാഷയിൽ പറഞ്ഞാൽ അപ്പോസ്താലിക ഉപദേശം പരിചയപ്പെടുത്തിയിരിക്കുന്നത്. ചില ഉദാഹരണങ്ങൾ

മഹാപ്രതിഭയും അഗാധ വേദപണ്ഡിതനും ബ്രദറൺ ഉപദേഷ്ടാവുമായിരുന്ന മഹാകവി കെ.വി സൈമൺ സഹോദരിമാർ സഭയിൽ പ്രാർത്ഥിക്കുകയും, സാക്ഷ്യം പറയുകയും സ്തോത്രം ചെയ്യുകയും ചെയ്യുന്നതിനെ പ്രോത്സാഹിപ്പിച്ചിരുന്നു.

അരനൂറ്റാണ്ട് മുമ്പുതന്നെ ആദ്യകാല ബ്രദറൺ ഉപദേഷ്ടാക്കന്മാരായിരുന്ന എ.പി പൈലി, ഇ.പി വറുഗീസ് തുടങ്ങിയവർ..... സ്ത്രീകൾ സഭയിൽ പരസ്യമായി പ്രാർത്ഥിക്കുന്നതിനും സ്തോത്രം ചെയ്യുന്നതിനും അനുകൂലമായി മറ്റ് ലേഖനങ്ങളിലും താൻ എഴുതിയിട്ടുണ്ട്, സ്ത്രീകൾക്ക് ഉച്ചത്തിൽ പാട്ടുപാടാൻ സ്വാതന്ത്ര്യമുള്ളപ്പോൾ പ്രാർത്ഥിക്കുന്നതിനെ എതിർക്കുന്നതിന്റെ യുക്തിരാഹിത്യത്തെ അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ജെ.എം. ഡേവിസ് എന്ന സായിപ്പിന്റെ വരവോടെയാണ് സ്ത്രീകളെ സഭയിൽ നിശബ്ദരാക്കിയതെന്നാണ് ഇ.പി എഴുതിയിരിക്കുന്നത്. ഇംഗ്ലണ്ടിലെ ബ്രദറൺകാരുടെ ഇടയിൽ മാത്രമല്ല യൂറോപ്പിലെ സഹോദരന്മാരുടെ മദ്ധ്യത്തിലും സമാന ചിന്താഗതിക്ക് അംഗീകാരം ലഭിച്ചുതുടങ്ങിയിട്ടുണ്ട്.

ബ്രദറൺ സമൂഹത്തിലെ ഒരു സുവിശേഷകനും പ്രമുഖ വ്യാഖ്യാതാവുമായ കെ.വി ജോൺ അവർകൾ കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനത്തിൽ കൊടുത്തിരിക്കുന്ന വളവും തിരിവുമില്ലാത്ത രണ്ട് പ്രസ്താവനകൾ കൂടി ഉദ്ധരിച്ചുകൊണ്ട് ഈ ഭാഗം ഇവിടെ അവസാനിപ്പിക്കുകയാണ്. കൊരി 11 : 5 നെപ്പറ്റി താൻ ഇപ്രകാരം എഴുതിയിരിക്കുന്നു.

മൂടുപടമില്ലാതെ പ്രാർത്ഥിക്കുകയോ പ്രവചിക്കുകയോ ചെയ്യുന്നതിനെയാണ് ഇവിടെ തിരുത്തുന്നത്. മൂടുപടമിട്ടുകൊണ്ട് ചെയ്യാമെന്നുള്ള അനുവാദവും ഈ വാക്യത്തിലുണ്ട് 1കൊരി 14:35– നോടുള്ള ബന്ധത്തിലുള്ള പ്രസ്താവന ഇപ്രകാരമാണ്. പുരുഷന്മാരുള്ള ഒരു സഭയിൽ അവരുടെ പൂർണ്ണ നിയന്ത്രണത്തിലും അധികാരത്തിലും ഉൾപ്പെട്ടുകൊണ്ട് അവരുടെ അനുവാദത്തോടെയുള്ള പാട്ടോ പ്രാർത്ഥനയോ ഒന്നും മിണ്ടരുത് എന്നതിൽ പെടുത്തേണ്ടതില്ല. *(ജീവവചനം 2011, ഡിസംബർ 29, പേജ് 4,2012 ജനുവരി പേജ് 4)*


**5.** നാം പറയുന്നതും സ്ഥാപിക്കുന്നതും തികച്ചും വചനാടിസ്ഥാനത്തിലുള്ള വിഷയങ്ങളാണ് എന്ന് നമുക്ക് പൂർണ്ണ ബോധ്യമുണ്ടെങ്കിൽ ഒരു ദുരുപദേഷ്ടാവായി മുദ്രകുത്തപ്പെടും എന്നഭയമോ, ആയതിനാൽ പ്രഗത്ഭരായ ഉപദേഷ്ടാക്കന്മാരുടെയും വേദപണ്ഡിതന്മാരുടെയും ഒരു വൻമതിൽ പടത്തുയർത്തി സ്വയം പ്രതിരോധിക്കുവാനുള്ള ശ്രമമോ നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ട ആവശ്യമില്ല കാരണം നാം സത്യത്തിന്റെ പക്ഷത്താണെങ്കിൽ യഹോവ നമുക്ക് വേണ്ടി യുദ്ധം ചെയ്യും. ദൈവത്തിന്റെ സഭയിൽ സ്ത്രീജനത്തിന്റെ ശ്രേഷ്ഠത എന്ന ശീർഷകത്തിൽ ഞാൻ എഴുതുന്ന ഈ ലേഖനം പ്രസ്തുത വിഷയത്തിൽ തിരുവെഴുത്തുകൾ വ്യക്തമാക്കുന്ന കൃത്യമായ ഉപദേശസത്യങ്ങൾ തെളിയിക്കുന്നതോടൊപ്പം തന്നെ മേൽ പ്രസാതാവിച്ച ലേഖകരുടെ ആശയങ്ങൾ തികച്ചും വചനവിരുദ്ധമായത് കൊണ്ട് അവയ്ക്ക് പ്രതിവാദം പറയുവാനും എനിക്കാവശ്യമുണ്ട്. എന്നാൽ ബഹുമാന്യനായ കർതൃദാസൻ പ്രൊഫ.പി.പി സ്കറിയ സഹോദരന്റെ ലേഖനപരമ്പര പൂർണ്ണമാക്കപ്പെട്ടിട്ടില്ലാത്തതിനാൽ തന്റെ വാദങ്ങൾ പൂർണ്ണമായും മനസ്സിലാക്കി അവക്കുള്ള പ്രത്യുക്തിയും പറഞ്ഞതിന് ശേഷം മാത്രമേ ഈ ലേഖന പരമ്പര അവസാനിപ്പിക്കുവാൻ നിർവ്വാഹമുള്ളു. കാരണം ഈ വിധത്തിൽ ഒരു ലേഖനം എഴുതുവാൻ എനിക്കിടയായതിന്റെ ചില പ്രധാനകാരണങ്ങളിലൊന്ന് ഈ പ്രിയപ്പെട്ടവരുടെ ലേഖനമാണ്.

*(തുടരും)*

ബൈബിളിലെ ഇഷ്ടകഥാപാത്രം-13

(കഴിഞ്ഞലക്കം തുടർച്ച)

**യോശുവയുടെ ജീവിതത്തിന്റെ ആകെ തുക എന്നു പറയുന്നത് അവൻ ദൈവഭക്തനും ദൈവത്തിനു വേണ്ടി എന്തും ചെയ്യുവാൻ സമർപ്പിക്കപ്പെട്ടവനും താഴ്മയുള്ളവനും അപ്പോൾ തന്നെ ഒരു ഉത്തമ പടയാളിയും വീരനുമായിരുന്നു. എന്റെ ആത്മാവുള്ള പുരുഷൻ എന്ന് ദൈവം വിളിച്ച ശ്രേഷ്ഠൻ ദൈവീകകാര്യങ്ങൾ നടപ്പാക്കുന്നതിൽ ശുഷ്കാന്തിയുള്ളവൻ, എല്ലാക്കാലത്തും ദൈവത്തെ സേവിക്കുന്നവൻ, ദൈവസ്നേഹവും ദൈവത്തോടുള്ള ബഹുമാനവും യോശുവയിൽ വേരൂന്നികാണാം.**



റോയി മീമ്പാറ

# യോശുവ

# ദൈവത്തിന്റെ ആത്മാവുള്ള പുരുഷൻ

**6. യോശുവയുടെ വിശ്വാസം വിലപ്പെട്ടതാണ്.**

കനാൻദേശം ഒറ്റു നോക്കേണ്ടതിന് പന്ത്രണ്ട് ഗോത്രങ്ങളിൽ നിന്നുമായി ഒരോരുത്തരെ അയച്ച കൂട്ടത്തിൽ യെഫുന്നയുടെ മകൻ കാലേബിനേയും നൂന്റെ മകൻ ഹോശെയ എന്ന യോശുവയേയും മോശെ അയച്ചതായി നാം വായിക്കുന്നു. ഒറ്റുനോക്കാൻ പോയ ദേശത്തെക്കുറിച്ച് യോശുവയും കാലേബും ഒഴികെയുള്ളവർ യിസ്രായേൽ മക്കളോട് ഭീതി ജനിക്കുന്നപോലെ പറഞ്ഞപ്പോൾ യോശുവയും കാലേബും മാത്രം നാം ചെന്ന് അത് കൈവശമാക്കുക അതിനെ ജിയിപ്പാൻ നമുക്ക് കഴിയും എന്ന് പറയുകയുണ്ടായി. കാലേബ് ഇത് പറയുമ്പോൾ യോശുവയും കൂടെയുണ്ടായിരുന്നു.

അതി കായന്മാരും മല്ലന്മാരുടെ മക്കളും അനാകൃമല്ലന്മാരും ആ ദേശ നിവാസികളുടെ പ്രത്യേകതയായിരുന്നു. ഒറ്റു നോക്കുവാൻ പോയവർക്ക് അവരെ തന്നെ വെട്ടുക്കിളികളെപോലെ തോന്നി. ഇത്രയും ശക്തമായ ദേശം പിടിച്ചെടുക്കുക മാനുഷികമായി പ്രയാസമുള്ളതായി കൂടെയുള്ളവർക്ക് തോന്നിയപ്പോൾ നമുക്ക് അതിന് കഴിയും എന്ന് യോശുവായും കാലേബും വിശ്വസിച്ചു. അവന്റെ വിശ്വാസം അത്രയും ശക്തമായിരുന്നു. യോശുവയും കാലേബും വസ്ത്രം കീറി യിസ്രായേൽ മക്കളുടെ സർവ്വസഭയോടും പറഞ്ഞത്. ഞങ്ങൾ സഞ്ചരിച്ച് ഒറ്റുനോക്കിയദേശം എത്രയും നല്ലദേശമാകുന്നു. യഹോവ നമ്മിൽ പ്രസാദിക്കുന്നു എങ്കിൽ അവൻ നമ്മെ പാലും തേനും ഒഴുകുന്ന ദേശത്തേക്ക് കൊണ്ടുചെന്ന് നമുക്ക് തരും...... നമ്മോടുകൂടെ യഹോവ ഉള്ളതുകൊണ്ട് അവരെ ഭയപ്പെടരുത് ; ഒരുവിധത്തിൽ ജയിക്കാൻ കഴിയുമായിരിക്കും എന്നല്ല. നിഷ്പ്രയാസം ജയിപ്പാൻ കഴിയും എന്നു തന്നെയാണ്(സംഖ്യ 14:6-9) അവരുടെ വിശ്വാസം. യുദ്ധം ആരംഭിക്കുന്നതിനും മുമ്പുതന്നെ വിജയം വരിച്ചതായി അവർ ഉറപ്പിച്ചു. അതാണ് വിശ്വാസം. യിസ്രായേൽ സഭ മുഴുവനും അവനെ കല്ലെറിയാൻ ഒരുമ്പെട്ടപ്പോഴും തന്റെ ഉറച്ച നിലപാടിൽ നിന്ന് പിൻമാറിയില്ല.

ചിലപ്പോഴെങ്കിലും വിശ്വാസം പരീക്ഷിക്കപ്പെടാൻ സാദ്ധ്യതയുണ്ട്. യോശുവയുടെ ജീവിതത്തിലും അതുണ്ടായി. യിസ്രായേൽ ജനത്തിന്റെ യാത്ര മദ്ധ്യത്തിൽ ചെങ്കടലിനു ശേഷം ഇപ്പോഴിതാ യോർദ്ദൻ ഒരു പ്രശ്നമായിരിക്കുന്നു. കരകവിഞ്ഞൊഴുകുന്ന യോർദ്ദാൻ കണ്ടപ്പോൾ ഒന്നു പതറിയെങ്കിലും വിശ്വാസം തള്ളികളയാതെ പെട്ടകം ചുമന്നു നിൽക്കുന്ന പുരോഹിതന്മാരോട് ദൈവകല്പന പ്രകാരം നദിക്ക് കുറുകെ കടക്കുവാൻ യോശുവ കല്പിച്ചു. എത്ര ധൈര്യശാലിയായാലും ഒന്നു ശങ്കിക്കുവാൻ ഇടയുണ്ട്. ഇവിടെ നാം മനസ്സിലാക്കേണ്ടതായ വസ്തുത. പെട്ടകവുമായി പുരോഹിതൻ വെള്ളത്തിൽ ചവിട്ടുമ്പോൾ അത് രണ്ടായി പിരിഞ്ഞ് ഉണങ്ങിയ നിലത്തുകൂടി നിങ്ങൾ പോകും എന്ന് ദൈവം പറഞ്ഞിട്ടുണ്ട്എന്നതാണ്. എന്നൽ മറിച്ചെന്തെങ്കിലും സംഭവിച്ചാൽ എന്തായിരിക്കും സ്ഥിതി? എന്നാൽ ആ പരീക്ഷണഘട്ടത്തിലും യോശുവ പരാജയപ്പെട്ടില്ല. താൻ ദൈവത്തിലാശ്രയിച്ചു എന്ന് മനസ്സിലാക്കാം.

**7. യോശുവ അനുസരണമുള്ള വനായിരുന്നു.**

ഹാസോർ രാജാവായ യാബീൻ മറ്റു പല രാജാക്കന്മാരെയും അണിനിരത്തി യിസ്രായേലിനോട് യുദ്ധം ചെയ്തതായി കാണാം (യോശു 11:1-9). ആ രാജാക്കന്മാർ മേരോം തടകത്തിനരികെ പാളയമിറങ്ങി. അപ്പോൾ യഹോവ യോശുവയോട് നീ പേടിക്കേണ്ട ഞാൻ നാളെ ഈ നേരം അവരെ ഒക്കേയും യിസ്രായേലിന്റെ മുമ്പിൽ ചത്തു വീഴുമാറാക്കും, നീ അവരുടെ കുതിരകളുടെ കുതിഞരമ്പ് വെട്ടി, രഥങ്ങൾ തീയിട്ട് ചുട്ടുകളയണം (11:6). യഹോവ തന്നോട് കല്പിച്ചതുപോലെ യോശുവ ചെയ്തു (11:9). യോശുവയ്ക്ക് എന്തെങ്കിലും ഒഴികഴിവുകൾ പറഞ്ഞ് പിൻമാറാമായിരുന്നു. അത് അവൻ ചെയ്തില്ല. അല്ലെങ്കിൽ അവരെ സംഹരിച്ചിട്ട് അവരുടെ സാമഗ്രഹികളും കുതിരകളെയും പിടിച്ചെടുത്ത് തന്റെ യുദ്ധ സന്നാഹത്തെ പ്രബലപ്പെടുത്താമായിരുന്നു. അതും യോശുവ ചെയ്തില്ല എത്ര വിശ്വസ്തതയാണിത്.

**8. യോശുവയുടെ നിസ്വാർത്ഥ സേവനം**

ദേശം പകത്തുകൊടുക്കുന്ന കാര്യത്തിൽ സ്വന്തനേട്ടം നോക്കാതെ മറ്റുഗോത്രങ്ങളെ പരിഗണിച്ച് അവർക്ക് വീതിച്ചുകൊടുത്തു. എന്നാൽ തനിക്കുള്ള ഓഹരി തന്റെ ഇഷ്ടപ്രകാരം എടുക്കാതെ ഉത്തരവാദിത്വമുള്ളവരാൽ സ്വീകരിക്കുകയാണ് ചെയ്തത്. ഇന്ന് വ്യക്തി താല്പര്യം മുൻ നിറുത്തി. സ്വന്ത താല്പര്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് ഓരോരോ പ്രവൃത്തനങ്ങൾ ചെയ്യുന്നവരുണ്ട്. സ്വന്തഗുണമല്ല മറ്റുള്ളവന്റെ ഗുണം കൂടെ നോക്കേണം എന്ന പ്രമാണം യോശുവയുടെ ജീവിതത്തിലും പ്രായോഗികമാണ്.

സേവനത്തെക്കുറിച്ച് യോശുവ പറയുമ്പോൾ നിങ്ങളെല്ലാം എങ്ങനെയായാലും ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും എന്ന് തീരുമാനിച്ചതായി വായിക്കുന്നു. ദൈവത്തെ സേവിക്കുന്നതിൽ നിങ്ങളുടെ കുടുംബമായിട്ടുള്ള ബന്ധം എങ്ങനെയാണ്?

**9. യോശുവയുടെ താഴ്മയും സമർപ്പണവും**

മോശെയുടെ ഭാസനായ യോശുവ അമാലേക്കിനോട് യുദ്ധത്തിനുപോയി ജയിച്ചു. അതിനായിട്ട് മോശെ നിയോഗിച്ച് അയച്ചതാണ്. (പുറ. 17:13). എന്നാൽ ദൗത്യനിർവഹണത്തിനുശേഷം വീണ്ടും മോശെയുടെ ശുശ്രൂഷകനായി തന്നെ താൻ തുടരുന്നതായി വായിക്കുന്നു (പുറ. 24:13; 33:11). ഒരു പദവി ലഭിച്ചതിനുശേഷം അതിൽ കുറഞ്ഞ ദാസ്യവേല ചെയ്യാൻ ആരും തുനിയാറില്ല. അഭിമാനം നമ്മെ അതിന് അനുവദിക്കുന്നില്ല. ഇവിടെയാണ് യോശുവയുടെ വിനയം (താഴ്മ) നാം ദർശിക്കുന്നത്. പ്രസംഗിക്കാൻ കഴിവുള്ള ഞാൻ പായ് വിരിക്കുന്ന ശുശ്രൂഷ ചെയ്യുന്നത് ശരിയല്ല എന്ന മനോഭാവത്തിന് മാറ്റം വരണം. ഏത് എളിയ ശുശ്രൂഷയും നടത്താൻ നമുക്ക് കഴിയണം അതിനുള്ള സമർപ്പണം നമുക്ക് വേണം.

യോശുവയെ കുറിച്ച് ദൈവം തന്നെ പറയുന്ന സാക്ഷ്യം ശ്രദ്ധേയമാണ്. എന്റെ ആത്മാവുള്ള പുരുഷൻ എന്നാണ് (സംഖ്യ 27:18) അത് തന്റെ സമർപ്പണത്തിന്റെ ഫലമാണ്. അവൻ പൂർണ്ണമായും യഹോവയോട് പറ്റിനിന്നു യഹോവയോട് പറ്റിനിന്ന് വിനയപ്പെട്ട് അനുസരണമുള്ളവനായി യോശുവയെ നാം കാണുന്നു.

**10. യോശുവയെ ദൈവം മാനിച്ചു.**

എന്നെ മാനിക്കുന്നവനെ ഞാൻ മാനിക്കും എന്ന വാഗ്ദത്തം യോശുവയിലും ദൈവം നിറവേറ്റി. ആരെല്ലാം തെറ്റിയാലും വിശ്വാസത്തിലും അനുസരണത്തിലും സമർപ്പണത്തിലുമെല്ലാം ദൈവത്തെ മാനിച്ച് ദൈവത്തിനുവേണ്ടി തന്റെ യജമാന്റെ കാൽ ചുവട് പിൻപറ്റി യോശുവ ജീവിച്ചു. തന്നെ യഹോവ എല്ലായിസ്രായേലിന്റെയും മുമ്പാകെ വലിയവനാക്കി. ഇന്നും മോശെയെ ബഹുമാനിച്ചതുപോലെ യോശുവയെയും ജനം ബഹുമാനിച്ചു. അവനെ അനുസരിച്ചു. (യോശു. 4:14,15; ആവ. 34:9)

**11. യോശുവയുടെ അന്ത്യം**

യോശുവ തന്റെ നൂറ്റിപത്താമത്തെ വയസ്സിൽ മരിച്ചു (24:29.30). അവനെ എഫ്രയിം പർവ്വതത്തിലുള്ള തിമ്നാത്ത്-സേരഹിൽ ഗായസ് മലയുടെ വടക്ക് വശത്ത് അവന്റെ അവകാശഭൂമിയിൽ അടക്കി. എത്രയോ പ്രത്യാശയോടെയുള്ള അടക്കമായിരുന്നു അത്.

**12. ഉപസംഹാരം**

യോശുവയുടെ ജീവിതത്തിന്റെ ആകെ തുക എന്നു പറയുന്നത് അവൻ ദൈവഭക്തനും ദൈവത്തിനു വേണ്ടി എന്തും ചെയ്യുവാൻ സമർപ്പിക്കപ്പെട്ടവനും താഴ്മയുള്ളവനും അപ്പോൾ തന്നെ ഒരു ഉത്തമ പടയാളിയും വീരനുമായിരുന്നു. എന്റെ ആത്മാവുള്ള പുരുഷൻ എന്ന് ദൈവം വിളിച്ച ശ്രേഷ്ഠൻ ദൈവീക കാര്യങ്ങൾ നടപ്പാക്കുന്നതിൽ ശുഷ്കാന്തിയുള്ളവൻ, എല്ലാക്കാലത്തും ദൈവത്തെ സേവിക്കുന്നവൻ, ദൈവസ്നേഹവും ദൈവത്തോടുള്ള ബഹുമാനവും യോശുവയിൽ വേരൂന്നികാണാം. ഇതെല്ലാം നമ്മിലും ആഴമായി കാണുവാൻ ദൈവം ഇടയാക്കട്ടെ. ○

പുതിയ പുസ്തകം പരിചയപ്പെടൂ....

ഗ്രന്ഥകർത്താക്കൾ: **ഇങ്ക്വിലാബ്**

**ജോർജ്ജ് കോശി മൈലപ്ര & ഡോ. ബാബു വർഗീസ്, മുംബൈ**

**കോങ്ങാട് കൊലക്കേസ് പ്രതിയും**
**ഇ.എം.എസിന്റെ സഹപ്രവർത്തകനും, പിന്നീട് നക്സിലേറ്റുമായ**
**മാണിക്കൻ നായരുടെ ചോര ചുവയ്ക്കുന്ന ജീവിതകഥ**

കമ്മ്യൂണിസവും ആൾ ദൈവങ്ങളേയും എല്ലാം പരീക്ഷിച്ച് ഒടുവിൽ ആത്മഹത്യയിൽ അഭയം തേടാൻ തുനിഞ്ഞപ്പോൾ, ദൈവം തൊട്ടു തുടർന്ന് അദ്ദേഹം ഒരു വിശ്വാസിയായി, കമ്മ്യൂണിസ്റ്റ് വിപ്ളവ രഹസ്യങ്ങളുടെ ചെപ്പ് തുറക്കുന്ന ഗ്രന്ഥം. എട്ട് ഭാഷയിൽ വിവർത്തനം നടന്നുകൊണ്ടിരിക്കുന്ന ഈ ഗ്രന്ഥം ഒരു മികച്ച സുവിശേഷീകരണോപാധിയാണ്. ഒരു നോവൽ പോലെ എഴുതിയിരിക്കുന്നു. നിങ്ങളുടെ ഹൈന്ദവ/ കമ്മ്യൂണിസ്റ്റ് സുഹൃത്തുക്കൾക്ക് സമ്മാനിക്കുക.

**വില 100 രൂപ.** 20 കോപ്പിയിൽ കൂടുതലായി സുവിശേഷ പ്രവർത്തനങ്ങൾക്കുവേണ്ടി എടുക്കുന്നവർക്ക് 40% ഡിസ്ക്കൗണ്ട് ലഭിക്കും.

**ബന്ധപ്പെടുക - 9447213777**

**സഹോദരിമാർക്കും വചനം പഠിക്കാം**

പത്തനംതിട്ട സുവിശേഷാലയത്തിന്റെ കെട്ടിടത്തിൽ സുവിശേഷാലയത്തിന്റെ ചുമതലയിൽ സഹോദരിമാർക്കായി മൂന്നുമാസം ദൈർഘ്യമുള്ള ഒരു ഹ്രസ്വകാല വചനപഠനകോഴ്സ് ആരംഭിക്കുന്ന വിവരം സന്തോഷത്തോടെ അറിയിക്കുന്നു.വചനപഠനത്തോടൊപ്പം ഗൃഹഭരണം, ആരോഗ്യ പരിപാലനം, ദാമ്പത്യജീവിത ഭദ്രതാപാഠങ്ങൾ, എന്നിവയാണ് പാഠ്യവിഷയങ്ങൾ പഠന തൽപരരായ സഹോദരിമാർ ഉണ്ടെങ്കിൽ 2013 മാർച്ചു മുതൽ മെയ് വരെ ഈ കോഴ്സ് നടത്തപ്പെടുന്നതാണ്. താല്പര്യമുള്ളവർ സെക്രട്ടറി, ഗോസ്പൽ ഹാൾ, പി.ഒ. ബോക്സ് 46, പത്തനംതിട്ട പി.ഒ. പിൻ - 689 645 എന്ന വെബ്സൈറ്റിൽ നിന്നും അപേക്ഷാഫോറം ഡൗൺലോഡ് ചെയ്ത് അപേക്ഷിക്കാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ 2012 ഡിസംബർ 20 വരെ സ്വീകരിക്കുന്നതായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് :
**0468-2224045, 09446200204, 09447265500**
എന്നീ നമ്പരിൽ വിളിക്കുക (എം.റ്റി. ജോർജ്).

# ശാലോം ഗോസ്പൽ ഔട്ട് റീച്ച് നെന്മാറ

**പാലക്കാട്:** ദൈവകൃപയാൽ നെന്മാറയിലും സമീപ പ്രദേശങ്ങളായ കരിമ്പാറ, കയറാടി എന്നീ സ്ഥലങ്ങളിലെ പ്രവർത്തനങ്ങൾ അനുഗ്രഹമായി നടക്കുന്നു. അനേകസ്ഥലങ്ങളിൽ നിന്നായി സുവിശേഷകന്മാരും സഹോദരങ്ങളും പ്രവർത്തനത്തിൽ സഹകരിക്കുന്നു. ചിൽഡ്രൻസ് ക്ലബ്ബും ഭവനസന്ദർശനങ്ങളും നടത്തി വരുന്നു.

2012 ഡിസംബർ 18 മുതൽ 21 വരെ കയറാടി, അയിലൂർ പ്രദേശങ്ങളിൽ സുവിശേഷ പ്രവർത്തനങ്ങൾ നടത്തുവാൻ സഹായിച്ചു. 2013 ജനുവരി 14 മുതൽ 19 വരെ നെന്മാറയിലും ഫെബ്രുവരി 18–23 വരെ കരിമ്പാറ, പേഴുംമ്പാറ എന്നീ സ്ഥലങ്ങളിലും പരസ്യയോഗങ്ങൾ, ഭവന സന്ദർശങ്ങൾ, ബൈബിൾ ക്ലാസുകൾ എന്നിവയും വിവിധ സ്ഥലങ്ങളിലെ സ്കൂൾ, കോളേജുകളിൽ സ്പെഷ്യൽ മീറ്റിംഗുകളും 2013 ൽ കരിമ്പാറയിൽ ഒരു കിഡ്സ് ഫെസ്റ്റ് നടത്തുവാനും ക്രമീകരണങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. സഹോദരൻ പി.എം ഏബ്രഹാം ചെറുപുഴ, ഏബ്രഹാം ചെമ്പോല പെരുമ്പാവൂർ, ഗോഡ്സൺ വാലയിൽ വയനാട്, ജോഫീ സി.പി. നെന്മാറ, സാമുവേൽ പി. ഏബ്രഹാം കോട്ടേകുളം എന്നിവർ ശുശ്രുഷകരായെത്തും.

C.P Jophy
Brethren Gospel Home,
Chettikulambu - Karimpara
Kairady. P.O Palakkad - 678510
Mob : 9447233752

# CHRISTIAN BRETHERN ASSEMBLY
## ANKLESHWAR

Greetings in our Saviour's precious name. We praise God for this opportunity of contacting you once again. As you are aware of, an assembly testimony is maintained in Ankleshwar, one of the industrial cities of South Gujarat, since last 18 years. The Lord's work in this place was commenced with the arrival of Evangelist. T.V Antony in the year 1993. An assembly hall admeasuring '30'x'12' was constructed hered in the year 2000. The Evangelist and family had been staying in the adjoining room. The hall has a capacity to seat 50 Persones. In the course of time, as more believers were added to the assembly, it has become difficult to seat all the belivers of the assembly. Therefore, trusting in the Lord, we have decided to consturct the upper floor, so that it could be utilized as the assembly hall, while the ground floor is used as the Evangelist's accommodation, in addition to a Book Room Construction of the upper floor will cost Rs,7,00000/-(seven lakhs). The assembly has collected an amount of Rs. 1,50,000/- for this purpose. We are constrained to make this appeal for the collection ot the remaining amount of Rs. 5,50,000/- for the completion ot the project. You are requested to uphold this matter in your prayers. If you are led of the Lord, you may contribute your mite for this worthy cause. Our Bank details are given below.

**Christian Brethern Assembly, Ankleshwar, Central Bank of India, Ankleshwar, Account No. 2026862029 IFS Code CBINO282558**

**Your contributions may be sent to: T.V.Antony, Evangelist, 8/1 Christian Society, Behind C.N.I. Church, A. Piramon Road, Ankleshwar, Gujarat-393001**

# ബ്രദറൺ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ

**കുമ്പനാട്:** കേരളത്തിലും വിദേശങ്ങളിലുമുള്ള ബ്രദറൺ സഭകളുടെ സഹകരണത്തിലും ചുമതലയിലും 1980–ൽ ആരംഭിച്ച കുമ്പനാട് ബ്രദറൺ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിന്റെ പ്രവർത്തനം ദൈവകൃപയാൽ അനുഗ്രഹമായി നടന്നുകൊണ്ടിരിക്കുന്നു. ഈ സ്കൂൾ സ്ഥാപിക്കുവാൻ മുൻകൈ എടുത്ത പ്രിയപ്പെട്ടവർ പലരും ഇന്ന് കർത്തൃസന്നിധിയിൽ വിശ്രമിക്കുന്നു. വിവിധ പ്രതികൂല സാഹചര്യങ്ങളിലും സ്കൂൾ പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുവാൻ ദൈവം കൃപ ചെയ്യുന്നു.

സ്കൂളിന്റെ 32–ാംമത് വാർഷിക പൊതുയോഗം 2012 സെപ്റ്റംബർ 25–ാംതീയതി പ്രസിഡന്റ് സഹോ. ജോർജ് വർഗീസിന്റെ അദ്ധ്യക്ഷതയിൽ കുമ്പനാട്ടു ചേർന്നു. 2011–12 ലെ ആഡിറ്റു ചെയ്ത കണക്കു പാസ്സാക്കി.

2012–13 വർഷത്തേക്ക് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നമ്മുടെ സഭകളിലെ 15 സഹോദരന്മാർ അടങ്ങിയ ഒരു എക്സിക്യൂട്ടീവ് കമ്മറ്റിയെ തെരഞ്ഞെടുത്തു. കൂടാതെ സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ബ്രിഗ് .റ്റി. വർഗീസ് (പ്രസിഡന്റ്), ഡോ. സി. എസ് ഏബ്രഹാം (വൈസ് പ്രസിഡന്റ്), പി.ഇ. സാംകുട്ടി (സെക്രട്ടറി), വർക്കി ജോർജ്ജ് (ജോയിന്റ് സെക്രട്ടറി), കെ.എം. തോമസ്(ട്രഷറർ) എന്നീ സഹോദരന്മാരെ ചുമതലപ്പെടുത്തി. Dr കെ.വി തോമസ് M.A., PhD. പ്രിൻസിപ്പാളായി സേവനമനുഷ്ഠിക്കുന്നതിനു പുറമെ 30 തിലധികം അദ്ധ്യാപകരും ഈ സ്കൂളിൽ നിസ്വർത്ഥമായി പ്രവർത്തിക്കുന്നു.

സ്കൂളിൽ നിർദ്ധനരും വിധവകളുമായുള്ള ഭവനങ്ങളിലെ അനേക വിദ്യാർത്ഥീ വിദ്യാർത്ഥിനികൾ പഠിക്കുന്നുണ്ട്. ഇവരുടെ വിദ്യാഭ്യാസാവശ്യത്തിന് എൻഡോവ്മെന്റ് ഫണ്ട് മുഖാന്തരമോ മറ്റു നിലകളിലോ ദൈവമക്കൾ സംഭാവന നൽകുന്നത് ഉചിതമായിരിക്കും. ഇക്കാര്യത്തിൽ പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. സ്കൂളിന്റെ പ്രവർത്തനങ്ങളെയും കുഞ്ഞുങ്ങളുടെ ഇടയിൽ സഹോ. ഏബ്രഹാം തോമസ്(പുല്ലാട്) ന്റെ ചുമതലയിൽ നടക്കുന്ന ആത്മീയ ശുശ്രൂഷകളെയും ഓർത്ത് ദൈവജനം പ്രാർത്ഥിക്കണമെന്ന് താൽപര്യപ്പെടുന്നു.

For Brethren Educational Society
പി.ഇ സാംകുട്ടി, സെക്രട്ടറി.

# ഗോസ്പൽ മ്യൂസിക്ക് ഫെസ്റ്റ് 2012

**രാജ്കോട്ട്:** ക്രിസ്ത്യൻ ബ്രദറൺ അസംബ്ലിയുടെ ചുമതലയിൽ നവംബർ 3, 4 തീയതികളിൽ സംഗീതവിരുന്നും സുവിശേഷ യോഗങ്ങളും ഐ.പി. മിഷൻ സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. സുവി. സേവ്യർ ആന്റണി ബറൂച്ച് ദൈവവചനം ശുശ്രൂഷിച്ചു. ബ്രദ. എഡ്വിൻ പോൾ ടീമായി കടന്നുവന്ന് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.


*സേവ്യർ ആന്റണി ബറൂച്ച് ദൈവവചനം ശുശ്രൂഷിക്കുന്നു. വിവർത്തനം ഷാജി എ.സി.*

സുവിശേഷകന്മാരായ ജോസഫ് ടി. എൽ. ജാം നഗർ, ജോസ് തോമസ് ഉത്തമപാളയം, ഡേവിഡ് പി. ഐസക്ക് രാജ്കോട്ട്, ഷാജി എ.സി. ഡമൻ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

# പുതിയ സഭാകുടിവരവ്

**നെടുമ്പാശ്ശേരി:** ദൈവകൃപയാൽ കഴിഞ്ഞ രണ്ടുവർത്തിലധികമായി സുവി. ജെയിംസ് എം. തോമസ് കുടുംബമായി നെടുമ്പാശ്ശേരിയിൽ പ്രവർത്തിച്ചു വരുന്നു. തന്റേയും കൂട്ടുസഹോദരൻമാരുടേയും പ്രവർത്തനഫലമായി പല പ്രിയപ്പെട്ടവർ കർത്താവിനെ അറിയുവാൻ ഇടവന്നു. ദൈവഹിതമായാൽ 2013 ജനുവരി 6–ാം തീയതി വൈകിട്ട് 3 മണിക്ക് സ്നാനത്തോടുകൂടെ പുതിയ കൂടിവരവ് നെടുമ്പാശ്ശേരിയിൽ (Airport Brethern Church) ആരംഭിക്കുവാൻ കർത്താവിൽ ആശ്രയിച്ച് താത്പര്യപ്പെടുന്നു. കർത്തൃദാസൻ എം. വി. തോമസ് (അടൂർ) മുഖ്യസന്ദേശവും സ്നാന ശുശ്രൂഷയും നിർവ്വഹിക്കും. കർത്താവനുവധിച്ചാൽ ഇവിടെയുള്ള ആരാധന വൈകുന്നേരങ്ങളിൽ നടക്കും.

കർത്തൃശുശ്രൂഷയിൽ,
സുവി. ജെയിംസ് എം. തോമസ്, നെടുമ്പാശ്ശേരി.
Mob: 9567625652

# ഓൾ ഇന്ത്യ ക്രിസ്റ്റ്യൻ കൗൺസിൽ




**കുന്നംകുളം:** ഇന്ത്യയിലെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുകയും അതിന് മൂല്യം കൊടുക്കുകയും ചെയ്യണമെന്ന് ഓൾ ഇന്ത്യാ ക്രിസ്ത്യൻ കൗൺസിൽ സംഘടിപ്പിച്ച മനുഷ്യാവകാശ സെമിനാറിൽ ബഹു. ശ്രീ. ബാബു എം. പാലിശ്ശേരി എം. എൽ. എ. ഉദ്ഘാടനം ചെയ്തു പ്രസംഗിച്ചു. എ. ഐ. സി. സി കേരള കോ. ഓർഡിനേറ്റർ ഡോ. സാക്ജോൺ അദ്ധ്യക്ഷത വഹിച്ച സെമിനാറിൽ തൃശൂർ ജില്ലാ സെക്രട്ടറി ബെൻസൺ വർഗ്ഗീസ് സ്വാഗതപ്രസംഗം നടത്തി. ഫാദർ അയജ് വർഗ്ഗീസ് ചേലക്കര അനുഗ്രഹ പ്രഭാഷണം നടത്തി. തുടർന്ന് ഗഫൂർ പുതുപാടി, ജോസഫ് ചാലിശ്ശേരി, കെ. എ. ജ്യോതിഷ് (പോർക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്), ഷാഫി. റ്റി. എ. (ബ്ലോക്ക് സ്ഥിരം സമിതി ചെയർമാൻ), കെ. വി. ഗീവർ (കുന്നംകുളം മുൻസിപ്പൽ സ്ഥരം സമിതി ചെയർമാൻ), ജോർജ്ജ് മാസ്റ്റർ, പി. വി. അയ്യപ്പൻ, സാജൻ സി. ജേക്കബ് (സി.പി.എഫ്. സ്റ്റേറ്റ്, പ്രസിഡന്റ്), ജൂബി തോമസ്സ്, യോഹന്നാൻ പുതുശ്ശേരി മലയിൽ, കെ. വൈ. ചാക്കോച്ചൻ എന്നിവർ ആശംസപ്രസംഗം നടത്തി. അഡ്വ. പി. റ്റി. റെജി (ഹൈക്കോർട്ട്) ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. കുന്നംകുളം കോർഡിനേറ്റർ പാസ്റ്റർ ഇമ്മാനുവൽ എം. ജി. നന്ദിയും പ്രകാശിപ്പിച്ചു.

സാജൻ സി. ജേക്കബ് പ്രോഗ്രാം കൺവീനർ.

# വിലാസമാറ്റം

**വാൽകുളമ്പ്:** വാൽകുളമ്പ് സഭയിലെ മൂപ്പന്മാരിൽ ഒരാളായിരുന്ന സി.വി. താരു സഹോദരൻ തന്റെ വ്യക്തിപരമായ കാരണങ്ങളാൽ 13–10–2012 മുതൽ ഈ സഭയിലെ ആത്മിക ശുശ്രൂഷകളിൽ നിന്നും സ്വയം ഒഴിവായിരിക്കുന്നതിനാൽ സഭയ്ക്കുള്ള കത്തിടപാടുകൾ സഭയോട് ചേർന്ന് താമസിക്കുകയും സുവിശേഷ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്ന സുവിശേഷകൻ ഫിലിപ്പ് ജയിംസിന്റെ പേരിൽ അയക്കുവാൻ കർത്തൃനാമത്തിൽ അറിയിച്ചുകൊള്ളുന്നു.

വിലാസം: ക്രിസ്റ്റ്യൻ ബ്രദറൺ ചർച്ച് C/o ഫിലിപ്പ് ജയിംസ് (Evg) വാൽകുളമ്പ് കോരഞ്ചിറ പി.ഒ പിൻ.678684 പാലക്കാട് ജില്ല ഫോൺ: 9605499657

സുവി. ഫിലിപ്പ് ജയിംസ്, പി.എ ജോണി, വി.റ്റി ജോസഫ്,
ഷാൻ വി.ഒ., സ്റ്റാൻലി.സാം

# ഓഡിയോ സി.ഡി. പ്രകാശനം

**തൃശൂർ:** മോചനം ഗോസ്പൽ ടീമിന്റെ ആഭിമുഖ്യത്തിൽ ഓഡിയോ സി.ഡി. 'ആരാധ്യൻ' എന്ന പേരിൽ പുറത്തിറങ്ങി. പഴയതും പുതിയതുമായ ഭക്തിഗാനങ്ങൾ അടങ്ങിയ സി.ഡി.യുടെ വില 50 രൂപയാണ്. സി.ഡി. ആവശ്യമുള്ളവർ ബന്ധപ്പെടേണ്ട വിലാസം

മോചനം ഗോസ്പൽ ടീം
C/o. എം.എൻ. ശശി, മണിപ്പറമ്പിൽ വീട്,
ഇഞ്ചകുണ്ട് പി.ഒ. തൃശൂർ. 680312 ഫോൺ 9495196732

# ഇനിയും ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നവനോ?



**എസ്. സഞ്ജീവി,** കൂത്താട്ടുകുളം.
Mob: 9961166767

**'ഇനിയും' എന്ന പൗലോസിന്റെ പ്രയോഗം നാം കുറിക്കൊള്ളേണം. ഞാൻ മനുഷ്യരെ പ്രസാദിപ്പിച്ച കാലം ഉണ്ടായിരുന്നു. മഹാപുരോഗിതൻമാരേയും ന്യായാധിപ സംഘത്തേയും പ്രീതിപ്പെടുത്തിയ സമയം ഉണ്ടായിരുന്നു. എന്നാൽ ഈ മഹനീയമായ ശുശ്രൂഷ ഏൽപ്പിക്കുവാൻ ദൈവം എന്നെ തിരഞ്ഞെടുത്തെങ്കിൽ ഇനിയും എനിക്ക് മനുഷ്യനെ പ്രീതിപ്പെടുത്തുക സാദ്ധ്യമല്ല എന്നാണ് താൻ പറയാതെ പറഞ്ഞുവച്ചത്. അഥവാ മനുഷ്യരെ പ്രസാദിപ്പിക്കുവാൻ ഞാൻ ശ്രമിച്ചാൽ ദൈവീക ശുശ്രൂഷ അതിന്റെ ഗൗരവത്തോടും നീതിയോടും ചെയ്യുന്നില്ല എന്നാണർത്ഥം. വാചക കസർത്തുകൾ നടത്താം ജനത്തെ സ്വാധീനിക്കാം പക്ഷെ നിത്യതയിലേക്ക് നിലനിൽക്കുന്ന ഫലം മാത്രം കാണുകയില്ല.**

**അ**പ്പോസ്തലനായ പൗലോസിന്റെ വളരെ ശ്രദ്ധേയമായൊരു ചോദ്യമാണ് മേലുദ്ധിരിച്ചിരിക്കുന്നത്. ദൈവീക ശുശ്രൂഷ ചെയ്യുവാൻ ദൈവത്താൽ വേർതിരിച്ചിരിക്കുന്ന ഏതൊരാളും തന്നോടുതന്നെ ചോദിക്കുവാൻ ആവശ്യമുള്ളൊരു ചോദ്യം? ഇക്കലത്ത് ഇതിന് വളരെ പ്രാധാന്യമുണ്ട്. എന്തിനും ഏതിനും മുഖസ്തുതിപറയുന്നവരും സ്തുതി പാഠകൻമാരുമായി മാറിയിരിക്കുന്ന ശുശ്രൂഷകൻമാർ ഈ കാലഘട്ടത്തിന്റെ മാത്രം ശാപമല്ല തങ്ങളെ ശുശ്രൂഷ ഏൽപിച്ചിരിക്കുന്ന ദൈവത്തേക്കാൾ, ശുശ്രൂഷയേക്കാൾ, ശുശ്രൂഷയ്ക്ക് വിളിക്കുന്ന സംഘാടകരെയോ കുടുംബങ്ങളെയോ പുകഴ്ത്തുന്ന വാക്കുകൾ കേട്ടാൽ ഇവർ എന്തിന് വേണ്ടിയാണ് ശുശ്രൂഷ ചെയ്യുന്നതെന്ന് വ്യക്തമാകും. ഇവിടെയാണ് അപ്പോസ്തലന്റെ ചോദ്യത്തിനുള്ള പ്രസക്തി.

ഒരാൾക്ക് രണ്ട് യജമാനൻമാരെ സേവിപ്പാൻ കഴിയുകയില്ല എന്ന് കർത്താവ് പറഞ്ഞിട്ടുണ്ട് എന്താണ് ഇതിന് അർത്ഥം. രണ്ടുപേരെ ഒരേസമയം പ്രീതിപ്പെടുത്തുക സാദ്ധ്യമല്ല എന്നതു തന്നെ. എന്നാൽ ഈ യാഥാർത്യം മറന്നുപോയിരിക്കുന്ന ഒരു സ്ഥിതിയാണ് ഇന്നുള്ളത്. പൗലോസ് ഇത് പറയുമ്പോൾ തന്റെ പ്രവർത്തിയും അതിനു തുല്യമായിരുന്നു എന്ന് നമുക്ക് മനസ്സിലാക്കാം. രാജാക്കൻമാരുടേയും നാടുവാഴികളുടേയും മുമ്പിൽ പ്രസംഗിക്കുന്ന പൗലോസിനെ പ്രവർത്തി പുസ്തകത്തിൽ നമുക്ക് കാണാം. (24, 25,26 അദ്ധ്യായങ്ങൾ)

പൗലോസിന് ഇത് പറയുന്നതിനുള്ള ധൈര്യം ലഭിച്ചത് ഗലാ. 1:1-ൽ പറഞ്ഞിരിക്കുന്ന ബോധ്യമാണ്. താൻ ഈ ശുശ്രൂഷയ്ക്ക് ഇറങ്ങിയതോ ആരെങ്കിലും ആക്കിയതോ അല്ല ജനനം മുതൽ തന്നെ വേർതിരിച്ചിരുന്നു. ഈ ശുശ്രൂഷ നൽകിയത് ദൈവമാണത്രേ (ഗല.1:1-16;റോമ.1:1-2; എഫെ. 3:7) അതുകൊണ്ട് പൗലോസ് മാംസരക്തങ്ങളോട് ആലോചന ചേദിക്കുകയോ മനുഷ്യനെ പ്രീതിപ്പെടുത്തുകയോ ചെയ്യാതെ തന്നിൽ ഏൽപിക്കപ്പെട്ട ശുശ്രൂഷ നിറപടിയായി നിവർത്തിച്ചു. ദൈവത്തിന്റെ ദാസനെ സംബന്ധിച്ച് നാം ഇങ്ങനെ വായിക്കുന്നു. അവൻ സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കുന്നവനും ദൈവത്തിന് കൊള്ളാവുന്നവനും ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനുമായിരിക്കണം. ലജ്ജാകരമായ പ്രവർത്തിയിൽ മുഖസ്തുതിയും പ്രശംസയുമൊക്കെ ഉൾപ്പെടുമെന്ന് നമ്മുടെ ശുശ്രൂഷകന്മാർ ഇനി എന്നാണ് മനസ്സിലാക്കുക.

'ഇനിയും' എന്ന പൗലോസിന്റെ പ്രയോഗം നാം കുറിക്കൊള്ളേണം. ഞാൻ മനുഷ്യരെ പ്രസാദിപ്പിച്ച കാലം ഉണ്ടായിരുന്നു. മഹാപുരോഗിതൻമാരേയും ന്യായാധിപ സംഘത്തേയും പ്രീതിപ്പെടുത്തിയ സമയം ഉണ്ടായിരുന്നു. എന്നാൽ ഈ മഹനീയമായ ശുശ്രൂഷ ഏൽപ്പിക്കുവാൻ ദൈവം എന്നെ തിരഞ്ഞെടുത്തെങ്കിൽ ഇനിയും എനിക്ക് മനുഷ്യനെ പ്രീതിപ്പെടുത്തുക സാദ്ധ്യമല്ല എന്നാണ് താൻ പറയാതെ പറഞ്ഞുവച്ചത്. അഥവാ മനുഷ്യരെ പ്രസാദിപ്പിക്കുവാൻ ഞാൻ ശ്രമിച്ചാൽ ദൈവീക ശുശ്രൂഷ അതിന്റെ ഗൗരവത്തോടും നീതിയോടും ചെയ്യുന്നില്ല എന്നാണർത്ഥം. വാചക കസർത്തുകൾ നടത്താം ജനത്തെ സ്വാധീനിക്കാം പക്ഷെ നിത്യതയിലേക്ക് നിലനിൽക്കുന്ന ഫലം മാത്രം കാണുകയില്ല.

മേൽപറഞ്ഞതിന്റെയെല്ലാം അർത്ഥം മനുഷ്യർക്ക് ആർക്കും ഇഷ്ടമില്ലാത്ത നിലയിൽ ജീവിക്കണമെന്നോ ശുശ്രൂഷിക്കണമെന്നോ അല്ല. മനുഷ്യന്റെ പ്രശംസ പിടിച്ച് പറ്റുന്നതിനോ മറ്റുള്ളവരെ അർഹിക്കുന്നതിനപ്പുറം പുകഴ്ത്തുന്നതോ ആയി നമ്മുടെ ശുശ്രൂഷ മാറിയാൽ അതിൽ ദൈവ പ്രസാദമല്ല ഉണ്ടാകുന്നതെന്നുള്ള തിരിച്ചറിവ് നമുക്ക് വേണം. മുമ്പൊരിക്കൽ ഒരു വിവാഹ വേദിയിൽ നടന്നൊരു സംഭവം ഉദാഹരിക്കുന്നു.

വിവാഹം നടത്തുന്ന ശുശ്രൂഷകൻ വരനെക്കുറിച്ചും തന്റെ കുടുംബത്തേക്കുറിച്ചും ഒരു പതിനഞ്ച് മിനിറ്റോളം വർണ്ണിച്ച ശേഷം വരന്റെ നേരന്റെ നോക്കി മതിയോ മോനെ എന്ന് ഒരു ചോദ്യം. വരനും കുടുംബവും ഇളിഭ്യരായി എന്നു മാത്രമല്ല വിവാഹ ശുശ്രൂഷയ്ക്ക് ശേഷം സദസ്സിലേക്ക് ഇറങ്ങി വന്ന വരനെ ആദ്യം എതിരേറ്റത് എത്ര രൂപ കൊടുത്തെടാ എന്ന ചോദ്യമാണ്.

ശുശ്രൂഷയുടെ ബാഹുല്യം ശുശ്രൂഷയുടെ അന്തസത്തയും, ഗൗരവവും മറന്നു പോകാൻ ഇടയാകരുത്. നാം മാഹാജാവിന്റെ ശുശ്രൂഷകരാണ്. ക്രിസ്തുവിന് വേണ്ടി അഥവാ ക്രിസ്തുവിന് പകരം ശുശ്രൂഷിക്കുന്നവരാണ്. അവിടുത്തേക്ക് തന്നെ അയച്ച പിതാവിന്റെ മഹത്വം മാത്രമേ ലക്ഷ്യമുണ്ടായിരുന്നുള്ളു എന്നത് നാം മറന്ന് പോകരുത്. പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു എന്നാണ് യേശു പറഞ്ഞത്. ആകയാൽ ഇനിയും നാം മനുഷ്യരെ പ്രസാദിപ്പിക്കുന്നവരാകാതെ ദൈവത്തെ പ്രസാദിപ്പിക്കുന്നവരാകാം.

○

# ബൈബിളിന്റെ ആരംഭവും പരിഭാഷയും (കഴിഞ്ഞലക്കം തുടർച്ച)

സുവി. ജോസ് മാത്യു, രാജസ്ഥാൻ

**വിഭജനം.**

ബൈബിളിനെ പഴയ നിയമം എന്നും പുതിയ നിയമം എന്നും രണ്ടായിതിരിച്ചിരിക്കുന്നു. ഇ പ്രകാരമുള്ള വിഭജനം ഉണ്ടായത് രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടിയാണ്. പഴയ നിയമം (Old testament) എന്ന പ്രയോഗം 2 കൊരി. 3:14 ന്റെ അടിസ്ഥാനത്തിലും, പുതിയ നിയമം (New testament) എന്ന വാക്ക് മത്തായി 26:28 ന്റെ വെളിച്ചത്തിലും ആണ് നിലവിൽ വന്നത്. പഴയ നിയമത്തിൽ 39 പുസ്തകങ്ങളും പുതിയ നിയമത്തിൽ 27 പുസ്തകങ്ങളും ഉണ്ട്.

ബൈബിളിന്റെ ആദ്യ പ്രതികളിൽ അദ്ധ്യായങ്ങളോ, വാക്യങ്ങളോ മറ്റ് ഇതര വിഭജനങ്ങളോ ഇല്ലായിരുന്നു. പിൽക്കാലത്ത് ക്രമീകൃതമായ ബൈബിൾ പഠനത്തിനായി അദ്ധ്യായങ്ങളായും വാക്യങ്ങളായും വിഭജിക്കുകയുണ്ടായി. വേദപുസ്തകത്തെ അദ്ധ്യായങ്ങളായി വിഭജിച്ചത് ആർച്ച് ബിഷോപ്പ് സ്റ്റീഫൻ ലങ്റ്റേൺ (Stephen Lang-ton) ആണ്. അദ്ദേഹം 1228-ൽ അന്തരിച്ചു. എന്നാൽ 1250-ൽ കർദിനാൾ ഹ്യൂഗോ സെൻദുവർ എന്നയാൾ ലത്തീൻ ബൈബിളിനെ, ഇന്ന് നാം കാണുന്നതു പോലെ, അദ്ധ്യായങ്ങളായി തിരിച്ചു. ഇതിന് പാരീസ് ബൈബിൾ എന്ന് പേര് നൽകി. പഴയ നിയമത്തിൽ ഇന്ന് കാണുന്നത് പോലുള്ള വാക്യവിഭജനം നടത്തിയത് 1448-ൽ റബിനാഥാൻ (Rebbi Nathan) ആണ്. 1550-ൽ പാരീഷ് പ്രിന്റർ ആയിരുന്ന റോബർട്ട് സ്റ്റീഫൻ (Robert Stephen) കൂടുതൽ ദൈർഘ്യമുള്ള വാക്യങ്ങളായി വിഭജിച്ച് ഗ്രീക്ക് പുതിയനിയമം പ്രസിദ്ധീകരിച്ചു. അതിന് ശേഷം 1555-ൽ വാക്യങ്ങളും അദ്ധ്യായങ്ങളും ചേർത്ത് മുഴുബൈബിൾ ആദ്യമായി പ്രിന്റ് ചെയ്തു. ഈ ബൈബിളാണ് വാൾഗേറ്റ് (Valgate) എന്ന നാമത്തിൽ അറിയപ്പെട്ടത്. പിന്നീട് റോബർട്ട് സ്റ്റീഫന്റെ പുത്രനായ ഹെൻട്രിസ്റ്റീഫൻ ഇന്നത്തെ രൂപത്തിലാക്കി. 1560-ൽ ജോൺ കാൽവിന്റെ പെങ്ങളുടെ ഭർത്താവായിരുന്ന വില്യം വിറ്റിംഗ്ഹാം (William Wittingham) തന്റെ സഹപണ്ഡിതന്മാരോടൊപ്പം അദ്ധ്യായങ്ങളുടേയും വാക്യങ്ങളുടേയും വിഭജനങ്ങളോട് കൂടിയ ബൈബിൾ ആംഗലേയ ഭാഷയിലേക്ക് ആദ്യമായി പുറത്തിറക്കി. ഇതിനെ ജനീവ ബൈബിൾ (Geneva Bible) എന്നു പറയുന്നു. ഷേക്സ്പിയർ, ജോൺബനിയൻ, ഒലിവർ ക്രോംബൻ മുതലായവരൊക്കെയും വായിച്ചിരുന്നത് ഈ ബൈബിളായിരുന്നു. അപ്പോക്രിഫാഗ്രന്ഥങ്ങളെ ഒഴിവാക്കിയ ആദ്യത്തെ അംഗലേയ വിവർത്തനമാണിത്. അദ്ധ്യായവാക്യ വിഭജനങ്ങളുടെ അടിസ്ഥാനത്തിൽ 66 പുസ്തകങ്ങളും 1189 അദ്ധ്യായങ്ങളും, 31173 വാക്യങ്ങളും ഉള്ള ബൈബിൾ ഇതാണ്. ഈ ബൈബിൾ ഇന്ന് ഭൂലോകത്ത് ആരും തന്നെ ഉപയോഗിക്കുന്നില്ല.

**ജയിംസ് മഹാരാജാവിന്റെ വിവർത്തനം** (KJV)

ജയിംസ് മഹാരാജാവ് കീരീടധാരണത്തിനായി ലണ്ടനിലെത്തിയപ്പോൾ, രാജാവിന് പ്യൂരിറ്റൻ പാതിരിമാർ ഒരു നിവേദനം സമർപ്പിച്ചു. ഈ നിവേദനം ആയിരം പേർ ഒപ്പിട്ടതായിരുന്നു. ഈ നിവേദനത്തെ മില്ലിനറി പെറ്റീഷൻ എന്നാണ് വിളിക്കുന്നത്. എല്ലാ കക്ഷികൾക്കും സ്വീകാര്യമായ ഒരു അംഗീകൃത ഇംഗ്ലീഷ് ബൈബിൾ വേണമെന്നുള്ളതായിരുന്നു നിവേദനത്തിന്റെ ഉള്ളടക്കം. ഇതിൻ പ്രകാരം 1604-ൽ ജനുവരി 14-16 വരെ മൂന്ന് ദിവസത്തേയ്ക്ക് ഹാംടൻ കോർട്ട് കോൺഫറൻസ് (Hampton Court Confer-ence) എന്ന പേരിൽ ഒരു വലിയ സമ്മേളനം നടത്തുകയുണ്ടായി. ഇതിൽ വച്ച് Corpus Christi College -ന്റെ പ്രസിഡന്റ് ഡോ. ജോൺ റെയ്നോടൽസ് (Dr. John Raynolds) നിലവിലുള്ള ബൈബിളിന് ഒരു പുതിയ തർജ്ജിമയുടെ ആവശ്യം ഉണ്ടെന്ന് പ്രസ്താവിച്ചു. കാരണം ദിനം തോറും നടന്നു കൊണ്ടിരുന്ന ഇംഗ്ലീഷ് തർജ്ജിമകളിൽ ഏതാണ് ഏറ്റവും മികവുള്ളത് എന്ന ചോദ്യത്തിന് തൃപ്തികരമായ ഉത്തരമായിരുന്നില്ല ജനങ്ങളിൽ നിന്ന് ലഭിച്ചിരുന്നത്. ഈ തർജ്ജിമകളിൽ എല്ലാം തന്നെ പലവിധകുറവുകൾ ഉണ്ട് എന്ന് ജനങ്ങൾ ബോധ്യപ്പെടുത്തി. ആകയാൽ ഈ കുറവുകൾ പരിഹരിച്ച് ഒരു പുതിയ തർജ്ജിമ രൂപീകരിക്കണം എന്ന ജോൺ റെയ്റോട്സിന്റെ അഭിപ്രായത്തോട് മിക്കവാറും എല്ലാവരും താല്പര്യം പ്രകടിപ്പിച്ചു. ആയതിനാൽ ഈ പുതിയ തർജ്ജിമയുടെ പൂർണ്ണ ഉത്തരവാദിത്വത്തിനായി എബ്രായ, ഗ്രീക്ക് പണ്ഡിതന്മാരായ 47 പേർ അടങ്ങുന്ന ഒരു കമ്മീഷനെ നിയമിച്ചു. ഇവർ 1607-ൽ തർജ്ജിമ ആരംഭിക്കുകയും 1610-ൽ പൂർത്തീകരിക്കുകയും ചെയ്തു. അങ്ങനെ എബ്രായ, ഗ്രീക്കു ഭാഷകളിൽ എഴുതപ്പെട്ട ബൈബിളിന്റെ ഏറ്റവും മഹത്തായ ഇംഗ്ലീഷ് പരിഭാഷയാണ് 1611-ൽ പ്രസിദ്ധീകരിച്ച കിംഗ് ജയിംസ് വേർഷൻ (King James Version). ആംഗലേയ ഗദ്യസാഹിത്യത്തിലെ ഒരു ഉത്തമ സൃഷ്ടിയാണ് ജയിംസ് മഹാരാജിവിന്റെ ഈ വേദപുസ്തക പരിഭാഷ. തനതായ ഭാഷാശൈലിയും പ്രയോഗങ്ങളും കൊണ്ട് ഇന്നും വേറിട്ടുനിൽക്കുന്നു. അതിനെ സംപുഷ്ടമാക്കുന്ന പല പ്രയോഗങ്ങൾക്കും ആംഗലേയ ഭാഷ ബൈബിളിനോട് കടപ്പെട്ടിരിക്കുന്നു.

*(തുടരും)*

# SANDWANAM
AN INDEPENDENT SPIRITUAL MAGAZINE





Vol 2 ■ Issue 1 ■ 2013 Jan. - Feb. ■ Pages 8 ■ KERMAL/2011/40311 ■ Single Copy ₹10

## ബിലിവേഴ്സ് കോൺഫ്രൻസ് ബറൂച്ച്



*ബിലിവേഴ്സ് കോൺഫ്രൻസിൽ റോയി മീമ്പാറ പ്രസംഗിക്കുന്നു. വിവർത്തനം റ്റി. വി. ആന്റണി.*

**ബറൂച്ച് :** ഗുജറാത്തിലെ ബറോഡ, അങ്കലേശ്വർ, ബറൂച്ച് എന്നീ സഭകൾ ചേർന്ന് വർഷം തോറും നടത്തിവരാറുള്ള ബിലിവേഴ്സ് കോൺഫ്രൻസ് 2012 നവംബർ 14 ന് ബറൂച്ച് റെയിൽവേ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടന്നു. സുവിശേഷകൻ രാജൻ പോൾ രാജസ്ഥാൻ മുഖ്യ സന്ദേശം നൽകി. സുവിശേഷകന്മാരായ റോയി മീമ്പാറ, എൻ.ജി ജോൺ, റ്റി. വി. ആന്റണി എന്നിവർ ദൈവവചനം സംസാരിച്ചു. മൂന്നു സഭകളിലെയും യുവ സഹോദരന്മാർ ദൈവവചനത്തിൽ നിന്നുള്ള പ്രബോധനങ്ങൾ നൽകി. കൂടാതെ സാക്ഷ്യങ്ങളും സംഗീത ശുശ്രൂഷയും നടന്നു. ബറൂച്ച് സഭയുടെ സഹകരണത്തിൽ നടന്ന സമ്മേളനം സഹോദരൻ സേവ്യർ ആന്റണിയുടെ നേതൃത്വത്തിൽ നടന്നു. കൂടി വന്ന എല്ലാവർക്കും ആ സമ്മേളനം അനുഗ്രഹമായിരുന്നു.

## ക്വിസ് കോർണർ 25

ആർക്കും ചേരാം. സുവിശേഷകന്മാരെ ഒഴിവാക്കിയിട്ടുണ്ട്. ജനുവരി മുതൽ ഡിസംബർ വരെ ശരിയുത്തരം അയക്കുന്നവർക്ക് ആകർഷകമായ സമ്മാനം ഏർപ്പെടുത്തിയിരിക്കുന്നു. ഉത്തരങ്ങൾ തെളിവു സഹിതം എഴുതേണ്ടതാണ്. നിങ്ങളുടെ അഡ്രസ് എഴുതുമ്പോൾ മൊബൈൽ നമ്പറും ലാന്റ് ഫോൺ നമ്പറും പിൻകോഡും സഹിതം എഴുതുക.

### സദൃശവാക്യങ്ങൾ

1. മനോഹരമായതോന്നും അതിന് തുല്ല്യമാകയില്ല എന്ന് എന്തിനെക്കുറിച്ചാണ് പറഞ്ഞത്.?
2. നായകനും മേൽവിചാരകനും അധിപതിയുമില്ലാത്ത ജീവി.?
3. സകല ലംഘനങ്ങളെയും മൂടുന്നത് എന്ത് ?
4. മനുഷ്യൻ നന്മ അനുഭവിച്ച് തൃപ്തനാകുന്നത് എങ്ങനെ?
5. ക്രോധത്തെ ശമിപ്പിക്കുന്നത് എന്ത്?
6. മരണദൂതന് തുല്ല്യമായത് എന്ത്?
7. ജ്ഞാനം നൽകുന്നത് ആര്?
8. മുത്തുകളെക്കാൾ വിലയുള്ളത് ആർക്ക്?
9. ഭൃത്യന്മാർ ദുരഷ്ടന്മാരാകുന്നത് എപ്പോൾ ?
10. രാജാവിന്റെ സിംഹാസനം നീതിയാൽ സ്ഥിരപ്പെടുന്നത് എങ്ങനെ?

### കഴിഞ്ഞ ലക്കം ഉത്തരങ്ങൾ

1. അസ്ഥികൾ 141:7 (2) 150 (3) നീതി 132:9 (4) ദയ 141:5 (5) പിണ്ഡാകാരമായിരുന്നപ്പോൾ 139:16 (6) വചനം 147:15 (7) 136 (8) ഓഗ് 135:11 (9) താഴ്മയുള്ളവരെ 149:4 (10) നിന്റെ സന്നിധിയിൽ 140:13

### വിജയികൾ

*അന്നമ്മ എബ്രഹാം പെരുമ്പാവൂർ, ലില്ലിജോജു, നെല്ലികുന്ന്, ജൂബി.പി പോൾ, പൂമല. ഗ്രേസി ആൽബർട്ട് ഒല്ലൂർ, ക്രിസ്റ്റീന മോസസ്സ് അലി, കോലഞ്ചേരി, ലാലി സ്കറിയ ഉഴവൂർ, തങ്കമ്മ ദാനിയേൽ തൃശൂർ, ഡോണ കുരിയൻ അശമന്നൂർ, പി.കെ ജോർജ്കുട്ടി. മുവാറ്റുപുഴ. പി.കെ മേഴ്സി മീമ്പാറ, ഫേബ.ബിജോയ് ഊരമന, കെ.ആർ രാജമ്മ പൊൻകുന്നം, കെ ജോയ്സ് റാഫേൽ, നെല്ലികുന്ന്, പ്രിസ്കില്ല കുഞ്ഞുഞ്ഞ് കുറുപ്പംപടി, അച്ചാമ്മ ഐസക്ക് കുറുപ്പംപടി, ബെറ്റിജോയി കുന്നക്കുരുടി, രാജീവ് പോൾ, വേങ്ങൂർ, അന്നമ്മ ജോർജ് നെടുങ്കണ്ണി, സിബിയ ജോയി കുന്നക്കുരിടി. മറിയാമ്മ തോമസ് കുന്നത്താനം, അൻസു ബേബി വേങ്ങൂർ, വിനൂപ് ശശി വേങ്ങൂർ, ബിന്ദുജ ശശി വേങ്ങൂർ, ജോഷി ഗ്രേഫർ തങ്കളം , സൗമ്യപ്രിൻസ് തങ്കളം, മേരിജോർജ്ജ് കുന്നക്കുരുടി, രൂഹമ്മ അജേഷ് മണ്ണൂർ.*

*ഉത്തരങ്ങൾ അയക്കേണ്ട വിലാസം :*
ക്വിസ് മാസ്റ്റർ, സാന്ത്വനം, ചൂണ്ടക്കുഴി പി. ഒ.,
പെരുമ്പാവൂർ - 683 546

**2013 ഫെബ്രുവരി 15-നു മുമ്പായി ശരി ഉത്തരങ്ങൾ അയക്കേണ്ടതാണ്**

## ജേർണലിസം വർക്ക് ഷോപ്പ്, പെരുമ്പാവൂർ

**പെരുമ്പാവൂർ:** സാന്ത്വനം ദൈ്വമാസിക സംഘടിപ്പിച്ച ജേർണലിസം വർക്ക് ഷോപ്പ് 2012 ഡിസംബർ 19-ാം തീയതി പെരുമ്പാവൂർ (പുല്ലുവഴി) സാംസൺ ഓഡിറ്റോറിയത്തിൽവച്ച് രാവിലെ 09.30 മുതൽ വൈകിട്ട് 3.00മണി വരെ നടന്നു. സഹോദരൻമാരായ ഡോ. ബാബു വർഗ്ഗീസ്, മുംബൈ., എം. വി. ബാബു കല്ലിശ്ശേരി എന്നിവർ ക്ലാസ്സുകൾ എടുത്തു. മാസിക എഡിറ്റർ റോയി മീമ്പാറ കോ- എഡിറ്റേഴ്സ് എസ്. സഞ്ജീവി, ബെൻസൺ ബാബു, ട്വിൻങ്കിൾ സി. പോൾ, കെ.പി. ജോസ് എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.




*ഡോ. ബാബു വർഗ്ഗീസ ക്ലാസ്സ എടുക്കുന്നു.*

## സെമിനാറും അവാർഡ് വിതരണവും

**പെരുമ്പാവൂർ:** എഴുത്തുകാരുടെയും പത്രപ്രവർത്തകരുടെയും സംഘടനയായ ക്രിസ്ത്യൻ പ്രസ്സ് ഫെല്ലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ ഒരു വർഷം ഇതര ക്രിസ്ത്യൻ പത്രങ്ങളിൽ പ്രസിദ്ധീകരിച്ച ലേഖനത്തിൽ നിന്നും തെരഞ്ഞെടുത്ത ഏറ്റവും നല്ല സാഹിത്യ സൃഷ്ടിക്കുള്ള അവാർഡ് വിതരണവും, സെമിനാറും 2013 ജനുവരി 25 വെള്ളിയാഴ്ച പകൽ 2.30 ന് പുല്ലുവഴി സാംസൺ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടും. സെമിനാറിൽ ജെ. നെൽസൺ തിരുവനന്തപുരം അദ്ധ്യക്ഷത വഹിക്കും. "നല്ല തലമുറയെ വാർത്തെടുക്കുന്നതിൽ മാതാപിതാക്കൾക്കുള്ള പങ്ക്" എന്നതായിരിക്കും വിഷയം. സഹോദരന്മാരായ സാജൻ. സി. ജേക്കബ്ബ് (M.A, M.Th.), പി.ഐ. പോൾ (M.A, M.Div., (M.Sc. Psy.)) ക്ലാസ്സുകൾ നയിക്കുന്നു. തുടർന്ന് നടക്കുന്ന അവാർഡ് വിതരണം പെരുമ്പാവൂർ എം.എൽ. എ. ശ്രീ. സാജു പോൾ നിർവ്വഹിക്കും. രായമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജോയി പൂണേലി മുഖ്യാഥിതിയായിരിക്കും. അന്റണി വെളിയനാട് അദ്ധ്യക്ഷത വഹിക്കും. സഹോ. കെ.വി. ശാമുവേൽ ആശംസ അറിയിക്കും. യോഗത്തിലേക്ക് ഏവരേയും ക്ഷണിച്ചുകൊള്ളുന്നു. കൂടുതൽ വിവരങ്ങൾക്ക് : 94473 83764, 97441 17891.

## കൺവൻഷൻ

**ഓടക്കാലി:** ഓടക്കാലി ബ്രദറൺ സഭയുടെ ആഭിമുഖത്തിൽ അശമന്നൂർ പഞ്ചായത്ത് ഗ്രൗണ്ടിൽ വച്ച് (ചെറുകുന്നം) 2013 ജനുവരി 10 മുതൽ 13 വരെ, വൈകിട്ട് 6 മുതൽ 8.30 വരെ സുവിശേഷ യോഗങ്ങൾ നടക്കുന്നു. സുവിശേഷകന്മാരായ പി.ജി ജയിംസ് തണ്ണിത്തോട്, ജോസ് മാങ്കുടി വയനാട് എന്നിവർ വചനം ശുശ്രുഷിക്കുന്നു. പ്രത്യേകം പ്രാർത്ഥിക്കുക.

**പാണംകുഴി:** പാണംകുഴി ബ്രദറൺ സഭ ഹാൾ ഗ്രൗണ്ടിൽ വച്ച് 2013 ജനുവരി 24 മുതൽ 27 വരെ വൈകിട്ട് 6.30 മുതൽ 9 വരെ സുവിശേഷ യോഗങ്ങൾ നടക്കുന്നു. പ്രസംഗകർ സുവിശേഷകന്മാരായ കെ. ബിജു ആലടി ഇടുക്കി ജോസ് മാങ്കുടി വയനാട് പ്രത്യേകം പ്രാർത്ഥിക്കുക.

## സാന്ത്വനം വെബ്സൈറ്റിൽ

ആദ്യലക്കം മുതൽ വെബ്സൈറ്റിൽ വായിക്കുവാൻ www.malankaraviyojithan.com. സന്ദർശിക്കുക.
വിദേശത്തേക്ക് തുടർന്ന് പോസ്റ്റൽ അയയ്ക്കുന്നതല്ല.

## ചുണ്ടക്കുഴി കൺവെൻഷൻ സമാപിച്ചു

**ചുണ്ടക്കുഴി:** മീമ്പാറ ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ ചുണ്ടക്കുഴി യൂണിയൻ ബാങ്കിന് സമീപം ക്രമീകരിച്ചിരുന്ന സുവിശേഷയോഗങ്ങൾ 2012 നവംബർ 23, 24 തീയതികളിൽ അനുഗ്രഹമായി നടന്നു. സഹോദരന്മാരായ ബെൻസൺ ബാബു, പി. സി. വറുഗീസ് പെരുവ എന്നിവർ ദൈവവചനം ശുശ്രുഷിച്ചു. കേൾപ്പിക്കപ്പെട്ട വചനം അനേകരിൽ ക്രിയ ചെയ്യേണ്ടതിനായി ദൈവജനം പ്രാർത്ഥിക്കുക.

## ഉടൻ പുറത്തിറങ്ങുന്നു

ജോസ് അതിരപ്പിള്ളിയുടെ 'ഗോൽഗൊഥ' എന്ന കവിതാസമാഹാരം ഉടൻ പബ്ലിഷ് ചെയ്യുന്നതാണ്. കാലീകമായ വിഷയങ്ങളെ നർമ്മത്തിലും വിഷയ ഗാംഭീരതയോടും കവിതകളാക്കി പുറത്തിറക്കുന്ന കൃതിയാണ് ഗോൽഗൊഥാ.

കൂടുതൽ വിവരങ്ങൾക്ക്.. **9400396259**


**Editorial Board**

| | | |
|---|---|---|
| Chief Editor | - | **Bro. Roy P. Kuriyakose (Roy Meempara)** |
| Co. Editors | - | Benson Babu, Meempara |
| | - | Jijo Angamaly |
| | - | P. V. Santhosh Wayanadu |
| | - | Joy M. P., Panamkuzhi |
| | - | Twinkle Paul, Kuruppampady |
| | - | K. P. Jose, Athirapally |
| Managing Editor | - | Joy M. Issac, Meempara |
| Advisery Board | - | T. S. Paulose, Meempara |
| | - | Adv. Raju M. Koshi, Ernakulam |
| | - | Johnson Daniel, Puthumana |
| | - | Dr. Binoy Varghese, Thrissur |
| | - | Sajeev Varghese, Puthupally |
| | - | Joy John, Banglore |
| | - | David P. Issac, Gujarath |
| | - | Sanjeevi S. Koothattukulam |



REGISTERED BOOK PACKET (Periodicals)
Reg. No. KERMAL/2011/40311
Single Copy ₹ 10

To
..........................................
..........................................
..........................................
..........................................

*If Undelivered Please Return to:*
The Chief Editor,
**SANDWANAM**
Chundakuzhy P.O.,
Perumbavoor - 683 546
Ernakulam Dist., Kerala
Mob : 97441 17891
Email:sandwanamnews@gmail.com



Printed, Published, Owned & Edited by: Roy P. Kuriakose (Roy Meempara), Pulickal (H), Chudakuzhy P. O., Perumbavoor, Ernakulam Dist. Pin:683 546.
Printed at : Paul Graphics, Kuruppampady, Ernakulam., Typesetting : Art Windows, Perumbavoor Ph: 0484 - 2593597